# 6

# സേവിംഗ്സ് ഉൽപന്നങ്ങള്

| ഉള്ളടക്കങ്ങൾ | സിലബസ് പഠന ഫലങ്ങൾ |
|---|---|
| പഠന ലക്ഷ്യങ്ങള് | |
| ആമുഖം | |
| പ്രധാന വാക്കുകള് | |
| എ സേവിംഗ്സ്/നിക്ഷേപ ഉപദേശത്തിന്റെ ആവശ്യം | 6.1 |
| ബി ഒരു വ്യക്തിയുടെ സേവിംഗ്സ് ആവശ്യങ്ങളെ നിശ്ചയിക്കുന്ന ഘടകങ്ങൾ | 6.2 |
| സി സേവിംഗ്സ് ഉൽപ്പന്നങ്ങളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും | 6.3,6.6 |
| ഡി സേവിംഗ്സ് ഉൽപന്നങ്ങളുടെ തരങ്ങള് | 6.3 |
| ഇ സേവിംഗ്സ് ഉൽപന്നങ്ങളുടെ നികുതി കൂടാതെ നാണയപ്പെരുപ്പ പ്രയോഗങ്ങൾ | 6.5,6.7 |
| എഫ് സേവിംഗ്സ് ഉൽപന്നങ്ങളിലുള്ള പലിശ നിരക്കിന്റെ പ്രയോഗങ്ങള് | 6.9 |
| ജി സേവിംഗ്സ് ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തില് തിരിക്കല് | 6.4,6.8,6.10 |
| പ്രധാന കാര്യങ്ങള് | |

| | |
|---|---|
| **ചോദ്യോത്തരങ്ങൾ** | |
| **സ്വയം-പരീക്ഷാ ചോദ്യങ്ങൾ** | |

# പഠന ലക്ഷ്യങ്ങള്

ഈ അദ്ധ്യായം പഠിച്ചതിനുശേഷം നിങ്ങൾക്ക് താഴെപ്പറയുന്ന കാര്യങ്ങള് സാധിക്കും:

• നിക്ഷേപ ഉൽപന്നങ്ങളില് പ്രൊഫഷണല് ഉപദേശത്തിന്റെ ആവശ്യങ്ങള് തിരിച്ചറിയുക;
• വ്യക്തിയുടെ നിക്ഷേപ ആവശ്യങ്ങളെ നിശ്ചയിക്കുന്ന ഘടകങ്ങൾ വിശദീകരിക്കുക;
• നിക്ഷേപ ഉൽപന്നങ്ങളുടെ പ്രധാന പ്രത്യേകതകളും ആനുകൂല്യങ്ങളും വിശദീകരിക്കുക;
• വിപണിയിൽ ലഭ്യമായ പ്രധാന നിക്ഷേപ ഉൽപന്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക;
• നിക്ഷേപ ഉൽപന്നങ്ങളുടെ നികുതിപരവും നാണയപ്പെരുപ്പപരവുമായ പ്രയോഗങ്ങൾ വിശദീകരിക്കുക;
• നിക്ഷേപ ഉൽപന്നങ്ങളിന്മേലുള്ള നികുതി നിരക്കുകളുടെ പ്രയോഗങ്ങളെക്കുറിച്ച് വിശദീകരിക്കുക;
• ഒരു വ്യക്തിയുടെ നിക്ഷേപ ആവശ്യങ്ങളെ മുൻഗണനാ അടിസ്ഥാനത്തില് തിരിക്കുകയും പ്രസ്തുത ആവശ്യങ്ങളെ നേരിടാൻ നിക്ഷേപ ഉൽപന്നങ്ങള് ഉപയോഗിക്കുകയും ചെയ്യുക.

## ആമുഖം

കഴിഞ്ഞ അദ്ധ്യായത്തിൽ നമ്മള് മരണം കൊണ്ടും വൈകല്യങ്ങൾ കൊണ്ടും കക്ഷിയ്ക്ക് ഉണ്ടാകുന്ന ആവശ്യങ്ങൾക്ക് പരിരക്ഷ നൽകുന്ന **ലൈഫ് ഇൻഷുറൻസ്** പ്ലാനുകളെക്കുറിച്ച് പഠിച്ചു. അദ്ധ്യായം 1 ല് കണ്ടതുപോലെ ഏജന്റിന്റെ പങ്ക് കക്ഷികളെ ഉപദേശിക്കുകയും ലൈഫ് ഇൻഷുറൻസ് മാത്രം വിൽക്കലുമാണ് - നിക്ഷേപ ഉൽപന്നങ്ങള് ഉൾപ്പെടെ മറ്റ് സാമ്പത്തിക ഉൽപന്നങ്ങളെയും നിങ്ങള് പരിചയപ്പെടുത്തണം.
ഈ അദ്ധ്യായത്തില് നമ്മള് വിപണിയില് ലഭ്യമായ **നിക്ഷേപ ഉൽപന്നങ്ങളുടെ** ശ്രേണിയില് ശ്രദ്ധിക്കും. അതിൽ നിന്ന് നമുക്ക് മറ്റ്

സാമ്പത്തിക ഉൽപന്നങ്ങളായ ഹെൽത് ഇൻഷുറൻസ്, അപകട മരണ ഉൽപന്നങ്ങളെക്കുറിച്ചൊക്കെ അടുത്ത അദ്ധ്യായത്തില് പഠിക്കാം. 'നിക്ഷേപം' എന്ന വാക്ക് ചരിത്രപരമായി ഒരു മൂലധനം ആർജ്ജിക്കാന് ചെറിയ ചെറിയ തുകകൾ സ്ഥിരമായി കൂട്ടിവെയ്ക്കുന്ന പ്രക്രിയയെ സൂചിപ്പിക്കുന്നതാണ്. 'നിക്ഷേപം' എന്ന വാക്ക് പ്രധാനമായും ഉപയോഗിക്കുന്നത് മൂലധനത്തിന്റെ ലംപ് സമുകള് ചില പ്രത്യേക ഉൽപന്നങ്ങളില് മികച്ച പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് ഉപയോഗിക്കുന്നതിനെയാണ്. ഇന്ന് 'സേവിംഗ്സ്' കൂടാതെ 'നിക്ഷേപം' എന്നീ വാക്കുകൾ ഒരുപോലെത്തന്നെ ഉപയോഗിച്ചുവരുന്നു.

**ബോധവാനായിരിക്കുക**
മിക്കവാറും ആളുകൾക്ക് അവരുടെ ജീവിത ലക്ഷ്യങ്ങള് നേടിയെടുക്കാൻ സേവിംഗ്സ്/നിക്ഷേപ പ്ലാനുകൾ ആവശ്യമാണ്.

ഓരോ വ്യക്തികൾക്കും തിരഞ്ഞെടുക്കാന് പാകത്തിന് ഒരുപാട് സേവിംഗ്സ്/നിക്ഷേപ പദ്ധതികൾ വിപണിയില് ലഭ്യമാണ്: ലംപ് സമിനായി ഉൽപന്നങ്ങളില് നിക്ഷേപിക്കാം അല്ലെങ്കില് ഇടവിട്ടുള്ള പേയ്മെന്റ് വഴിയാകാം. നമ്മൾ ഇവയില് പ്രധാനപ്പെട്ട ചില ഉൽപന്നങ്ങള് പരിശോധിക്കുകയും അതുവഴി പ്രൊഫഷണൽ ഉപദേശകർക്ക് അനുയോജ്യമായ നിക്ഷേപവുമായി ബന്ധപ്പെട്ട ഉൽപന്നങ്ങള് അവരുടെ കക്ഷികൾക്കുവേണ്ടി തിരഞ്ഞെടുക്കാന് സാധിക്കുകയും ചെയ്യും.

| **പ്രധാന വാക്കുകൾ** | | | |
|---|---|---|---|
| ഈ അദ്ധ്യായത്തിൽ താഴെപ്പറയുന്ന വാക്കുകളുടെയും ആശയങ്ങളുടെയും വിശദീകരണങ്ങളാണ്: | | | |
| അസറ്റ് മാനേജ്മെന്റ് കമ്പനി (എഎംസി) | കോമ്പൌണ്ടിംഗ് | ഗ്രാറ്റുവിറ്റി | പരമ്പരാഗത നിക്ഷേപങ്ങൾ |
| ബാങ്ക് നിക്ഷേപങ്ങൾ | ഉപേക്ഷിക്കാവുന്ന വരുമാനം | ലോക്ക്-ഇൻ കാലാവധി | നിക്ഷേപ ആവശ്യങ്ങൾ |
| ബോണ്ടുകൾ | സാമ്പത്തിക പദ്ധതിയിടൽ | നിക്ഷേപകരുടെ സൌകര്യം | ഓഹരികൾ |

| | അവലോകന പ്രക്രിയ | | |
|---|---|---|---|
| ചൈൽഡ് പ്ലാനുകൾ | പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങൾ | മ്യൂച്വൽ ഫണ്ടുകൾ | ഇടപാടുകളുടെ വേഗത |
| ക്യുമുലേറ്റീവ് നിക്ഷേപങ്ങൾ | ഫണ്ട് മാനേജർമാർ | നികുതി നിരക്കുകൾ | നികുതിയീടാക്കലും നികുതി പ്ലാനിംഗും |

# എ. സേവിംഗ്സ്/നിക്ഷേപ ഉപദേശത്തിന്റെ ആവശ്യം

ഓരോ വ്യക്തികളുടെയും നിക്ഷേപ ആവശ്യങ്ങൾ അന്യോന്യം വ്യത്യസ്തമാണ്. മിക്ക വ്യക്തികളും നിക്ഷേപങ്ങളുടെ കാര്യത്തിൽ ബുദ്ധിപൂർവ്വമായ തീരുമാനങ്ങളല്ല എടുക്കാറുള്ളത്, അതിനാൽ തന്നെ ഈ തീരുമാനങ്ങളെല്ലാം ഏതെങ്കിലുമൊന്ന് എന്ന തരത്തിലോ, മറ്റ് സ്വാധീനങ്ങളാലോ അല്ലെങ്കില് നികുതികള് ലാഭിക്കാനുള്ള ഒരു അവസാനവട്ട ശ്രമത്തിന്റെ ഭാഗമായോ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവയാണ്.

സേവിംഗ്സ് കൂടാതെ നിക്ഷേപങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുമുമ്പ് പ്രൊഫഷണൽ ഉപദേശം തേടേണ്ടതിന്റെ രണ്ട് സുപ്രധാന കാരണങ്ങളെക്കുറിച്ച് ഈ വിഭാഗത്തില് നമ്മള് ചർച്ച ചെയ്യും.

## എ1. സാമ്പത്തിക പദ്ധതിയിടൽ പ്രക്രിയയെക്കുറിച്ചുള്ള അജ്ഞത

വ്യക്തികൾക്ക് മിക്കപ്പോഴും അവരുടെ തന്നെ സേവിംഗ്സ് കൂടാതെ നിക്ഷേപ ആവശ്യങ്ങളെക്കുറിച്ച് തിരിച്ചറിയാൻ സാധിക്കാറില്ല. അവർ പ്രധാനമായും ശ്രദ്ധയൂന്നുന്നത് അവരുടെ ദീർഘ-കാല ലക്ഷ്യങ്ങളെക്കാൾ ഹ്രസ്വ-കാല ഫണ്ട് ആവശ്യങ്ങൾക്കാണ്. കൂടാതെ, ചിലവാക്കാനുള്ള പ്രവണത നിക്ഷേപിക്കാനുള്ള പ്രവണതയെക്കാള് ശക്തമാണ് കാരണം സ്പർശനീയമായ ആവശ്യങ്ങൾ നിർവഹിക്കാൻ, അസ്പൃശ്യമായ ഭാവി നിക്ഷേപ ആനുകൂല്യങ്ങളെക്കാൾ വർത്തമാനത്തില് നമ്മെ സ്വാധീനിക്കുന്നവയാണ്.

പ്രൊഫഷണൽ ഇൻഷുറൻസ് ഏജന്റുമാര് വ്യക്തികളെ സാമ്പത്തിക പദ്ധതിയിടൽ പ്രക്രിയയിലൂടെ നയിക്കുക വഴി അവരുടെ വർത്തമാനകാല, ഭാവികാല ആവശ്യങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്നു. വ്യക്തികളുടെ ചില ദീർഘകാല ലക്ഷ്യങ്ങള് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, വീട് വാങ്ങൽ, അല്ലെങ്കിൽ നിലവിലുള്ള ഹൌസ് ലോണ് മുൻകൂട്ടി വിരമിച്ചാലും അടയ്ക്കാന് സാധിക്കുന്നതിനൊക്കെയുള്ള ഫണ്ട് സ്വരുക്കൂട്ടിവെയ്ക്കുക എന്നതാണ്.

## എ2. ലഭ്യമായ മുഴുവന് ഉൽപന്നങ്ങളുടെ ശ്രേണിയെക്കുറിച്ചുള്ള അജ്ഞത

ഭൂരിഭാഗം ആളുകളും വിപണിയിൽ ലഭ്യമായ വ്യത്യസ്ത സേവിംഗ്സ് കൂടാതെ നിക്ഷേപ ഉൽപന്നങ്ങളെക്കുറിച്ച് ബോധവാന്മാരല്ല. അതിന്റെ ഫലമായി അവരുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് ആവശ്യമായ അനുയോജ്യ ഉൽപന്നങ്ങള് തിരഞ്ഞെടുക്കുന്നതിൽ പരാജയപ്പെടുന്നു.

താഴെപ്പറയുന്ന സാഹചര്യങ്ങളിലാണ് ഒരു ഇൻഷുറൻസ് ഏജന്റിന് സഹായം വാഗ്ദാനം ചെയ്യാനാവുക:

• ലഭ്യമായ വ്യത്യസ്ത ഉൽപന്നങ്ങളെക്കുറിച്ചുള്ള മികച്ച വിജ്ഞാനം;
• വ്യക്തികളുടെ സാമ്പത്തിക ആവശ്യങ്ങളുമായി ബന്ധപ്പെട്ട ഉൽപന്നങ്ങള് നിർദ്ദേശിക്കുക; കൂടാതെ
• ഉൽപന്നങ്ങളില് നിന്ന് നികുതി കാര്യക്ഷമമായ വരുമാനം, ഉൽപന്നങ്ങളുടെ നികുതി കൈകാര്യവും കൂടാതെ വ്യക്തികളുടെ നികുതി യോഗ്യതയും കണക്കിലെടുക്കൽ.

ചുരുക്കത്തിൽ, ഏജന്റുമാര് സാദ്ധ്യതാ നിക്ഷേപകനെ അവരുടെ സാമ്പത്തിക പദ്ധതിയിടല് നൈപുണികളിലൂടെ ഗുണപരമായ ഉപദേശം നൽകി സേവിംഗ്സ് ലക്ഷ്യബോധത്തോടെയും ആവശ്യാധിഷ്ഠിതമായും ചേരാനും ലക്ഷ്യമിടുന്നു. അത് കേവലം അവരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ളവ മാത്രമായിരിക്കരുത്.

**നിർദ്ദിഷ്ട പ്രവർത്തനങ്ങള്**
നിങ്ങൾക്കിഷ്ടമുള്ള ഏതെങ്കിലും കമ്പനിയിലെ ഒരു ഐആർഡിഎ അംഗീകാരമുള്ള ഇൻഷുറൻസ് ഏജന്റിനെ സന്ദർശിക്കുക. അവരുമായി

വ്യക്തിപരമായൊരു അഭിമുഖം നടത്തുകയും എങ്ങനെയാണ് അവർ കക്ഷികളുടെ സാമ്പത്തിക ആവശ്യങ്ങൾ തിരിച്ചറിയുന്നത് എന്ന് മനസ്സിലാക്കുകയും, സാമ്പത്തിക പദ്ധതിയിടൽ പ്രക്രിയകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുക.

# ബി. ഒരു വ്യക്തിയുടെ നിക്ഷേപ ആവശ്യങ്ങളെ നിശ്ചയിക്കുന്ന ഘടകങ്ങൾ

ഈ വിഭാഗത്തിൽ വ്യക്തികളുടെ വ്യത്യസ്തങ്ങളായ സാധാരണ നിക്ഷേപ ആവശ്യങ്ങളെക്കുറിച്ചും, അവരുടെ പ്രത്യേക നിക്ഷേപ ആവശ്യങ്ങളെ നിശ്ചയിക്കുന്ന ഘടകങ്ങളെക്കുറിച്ചും നമുക്ക് പരിശോധിക്കാം.

## ബി1. സാധാരണ നിക്ഷേപ ആവശ്യങ്ങൾ

വ്യത്യസ്തങ്ങളായ സേവിംഗ്സ് ഉൽപന്നങ്ങളില് നിക്ഷേപിച്ചുകൊണ്ട് വ്യക്തികൾക്ക് ഭാവിയ്ക്കുവേണ്ടി നീക്കിയിരിപ്പുകള് നടത്താം. സ്വന്തമായി മൂലധനമില്ലാത്തവർ അത് വരുമാനത്തില് നിന്ന് നീക്കിവെച്ചാണ് സ്വരൂപിക്കുന്നത്, കൂടാതെ വേണ്ടത്ര മൂലധനമുള്ള വ്യക്തികൾക്ക് അതിന്റെ മൂല്യം നിലനിർത്താനും ഉപയോഗിക്കാനുമായി ബുദ്ധിപൂർവ്വം നിക്ഷേപിക്കുവാനും സാധിക്കും.

## ബി1എ). മൂലധനമില്ലാത്ത വ്യക്തികൾ

വ്യക്തികളുടെ വ്യക്തമായ നിക്ഷേപ ആവശ്യങ്ങൾ ഇവർക്ക് അത്യാവശ്യമാണ്. ഒരുപാടാളുകൾ സാമ്പത്തിക പദ്ധതിയിടല് കുത്തഴിഞ്ഞ രീതിയിലാണ് നടത്താറുള്ളത് കൂടാതെ അവർ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ നിക്ഷേപിക്കുന്നതിനുപകരം ഏതെങ്കിലും ഒരു ലക്ഷ്യത്തിനായി നിക്ഷേപിക്കുകയാണ് പതിവ്. പിഴവറ്റ സാമ്പത്തിക പദ്ധതിയിടലിന്റെ ഭാഗമായി വ്യക്തികളുടെ ചില സാധാരണ സേവിംഗ്സ് ആവശ്യങ്ങൾ/സാമ്പത്തിക ലക്ഷ്യങ്ങള് എന്നിവയില് താഴെ പറയുന്നവ ഉൾപ്പെടാം:

• ഒരു അനിശ്ചിതത്വ/അത്യാസന്ന ഫണ്ട് അപ്രതീക്ഷിതമായ സാമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യാന് വൈദ്യ അനിശ്ചിതാവസ്ഥ, താൽക്കാലിക ജോലി നഷ്ടം എന്നിവയെ പ്രതിരോധിക്കാൻ ഉപയോഗിക്കാം.
• കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി പദ്ധതിയിടുകയും നിക്ഷേപിക്കുകയും ചെയ്യുക.
• കുട്ടികളുടെ വിവാഹത്തിനായി പദ്ധതിയിടുകയും നിക്ഷേപിക്കുകയും ചെയ്യുക.
• ഒരു വീടോ രണ്ടാമതൊരു വീടോ (വ്യക്തിയ്ക്ക് നിലവിൽ ഒന്ന് ഉണ്ടോ എന്നതിനെ ആസ്പദമാക്കി) വാങ്ങുകയും എത്രയും പെട്ടന്നുതന്നെ ഹോം ലോൺ തിരിച്ചടയ്ക്കുകയും ചെയ്യുക.
• കാർ, കുടുംബത്തോടൊപ്പമുള്ള വാർഷിക അവധികൾ, കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനായി പദ്ധതിയിടുകയും നിക്ഷേപിക്കുകയും ചെയ്യൽ, അവരുടെ തന്നെ ബിസിനസ്സിനായി പ്രാരംഭ മൂലധനമായി ഉപയോഗിക്കല് കൂടാതെ ചാരിറ്റിയ്ക്ക് തുക സംഭാവന ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്ക് പദ്ധതിയിടുകയും നിക്ഷേപിക്കുകയും ചെയ്യുക.
• സ്ഥിര മാസവരുമാനം നിലയ്ക്കുമ്പോൾ, മറ്റ് വിട്ടുവീഴ്ചകളൊന്നും ചെയ്യാതെ തന്നെ ഒരേ ജീവിത നിലവാരം തുടരാന് പദ്ധതിയിടുകയും വിരമിക്കൽ ഫണ്ട് ഒരുക്കുകയും ചെയ്യുക.

**ബോധവാനായിരിക്കുക**
സാമ്പത്തിക പദ്ധതിയിടൽ എന്നത് ഒരേയൊരു പ്രവർത്തനം മാത്രമല്ല. ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതുവരെ നിക്ഷേപങ്ങള് ഈ ലക്ഷ്യത്തിനായി പ്രവർത്തിക്കേണ്ടതുണ്ട്.

## ബി1ബി. മൂലധനമുള്ള വ്യക്തികൾ

മൂലധനം ഉള്ള വ്യക്തികൾക്ക് സാധാരണയായി താഴെപ്പറയുന്ന നിക്ഷേപ ആവശ്യങ്ങളുണ്ടായിരിക്കും:

• നിലവിലുള്ള സമ്പത്ത് വർദ്ധിപ്പിക്കുകവഴി ഭാവി ആവശ്യങ്ങള് പരമാവധി വർദ്ധിപ്പിക്കണം. ഇവ പുതിയ ബിസിനസ്സ് ആരംഭിക്കുന്നതിനുള്ള മൂലധനം, ലോക പര്യടനം നടത്തുക, ചാരിറ്റബിൾ കാര്യങ്ങൾക്കായി സംഭാവന നൽകുക എന്നിവയുൾപ്പെടാം.
• കുട്ടികളുടെ പരമ്പരാഗത ഉപയോഗത്തിനായി ആവശ്യമുള്ളത്ര മൂലധനം കരുതിവെയ്ക്കുന്നു എന്ന് ഉറപ്പുവരുത്തൽ.

• വിരമിച്ചുകഴിഞ്ഞാൽ ജീവിത നിലവാരം തുടരാന് മതിയായ വരുമാനമുണ്ടാകുമെന്ന് ഉറപ്പുവരുത്തുക.

# ബി2. ഒരു പ്രത്യേക വ്യക്തിയുടെ നിക്ഷേപ ആവശ്യങ്ങൾ തീരുമാനിക്കുന്ന ഘടകങ്ങൾ

ഒരു വ്യക്തിയുടെ കൃത്യമായ നിക്ഷേപ ആവശ്യങ്ങൾ തീരുമാനിക്കുന്ന പ്രധാന ഘടകങ്ങൾ ചുവടെ:

## ബി2എ. നിക്ഷേപത്തിന്റെ കാലാവധി

ഒരു വ്യക്തി എത്ര കാലം രൂപ നിക്ഷേപത്തില് സൂക്ഷിക്കണം എന്നത് നിക്ഷേപ ആവശ്യങ്ങൾ നിശ്ചയിക്കുന്നതിൽ സുപ്രധാനമായൊരു ഘടകമാണ്. ഭാവിയിൽ സൂക്ഷിച്ചുവെയ്ക്കേണ്ട തുകയെ സംബന്ധിച്ച് ലൈഫ് ഇൻഷുറൻസ് ഏജന്റ് വ്യക്തികളെ സഹായിക്കണം. ഒരു നിശ്ചിത കാലാവധിയ്ക്ക് ശേഷം വ്യക്തിയ്ക്ക് ഒരു നിശ്ചിത തുക സേവിംഗ്സായി വേണം എന്ന ലക്ഷ്യമുള്ളപ്പോൾ, സ്ഥിരമായ സംഭാവനകളിലൂടെ ലംപ് സമായി എത്ര തുക നിക്ഷേപിക്കണമെന്ന് തീരുമാനിക്കാം.

**ബോധവാനായിരിക്കുക**

സേവിംഗ്സ് ലക്ഷ്യം വ്യക്തിയുടെ വരുമാനം, ആശ്രിതരുടെ എണ്ണം, അവരുടെ ആസ്തികളും ബാദ്ധ്യതകളും, ഉപേക്ഷിക്കാവുന്ന വരുമാനം, നിക്ഷേപത്തിൽ നിന്നുള്ള പ്രതീക്ഷിത വരുമാനം കൂടാതെ അവയുടെ ദൈർഘ്യവും തിരിച്ചെടുക്കാന് ഉദ്ദേശിക്കുന്ന കാലഘട്ടം തുടങ്ങി ഒരുപാട് ഘടകങ്ങളെ ആസ്പദമാക്കിയുള്ളതാണ്.

**കേസ് സ്റ്റഡി**

ഗോപാൽ, ദീപക്, പവൻദീപ് എന്നിവര് ഒരു പ്രശസ്ത ബഹുരാഷ്ട്ര കമ്പനിയിൽ (എംഎൻസി) ശമ്പളക്കാരായി ജോലി ചെയ്യുകയാണ് മാത്രമല്ല അവർക്കെല്ലാവർക്കും 60 വയസ്സില് വിരമിക്കുകയും വേണം.

30 വയസ്സ് പ്രായമുള്ള ഗോപാല് വിവാഹിതനും ഒരു കുട്ടിയുടെ പിതാവുമാണ്. വിരമിക്കൽ ഫണ്ട് ലക്ഷ്യമായി അയാള് ഉദ്ദേശിക്കുന്നത് 1 കോടി രൂപയാണ്.

40 വയസ്സ് പ്രായമുള്ള ദീപക് വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമാണ്. അയാളും വിരമിക്കൽ ഫണ്ടായി ലക്ഷ്യമിടുന്നത് 1 കോടി രൂപ തന്നെയാണ്. 50 വയസ്സ് പ്രായമുള്ള പവൻദീപും 1 കോടി രൂപയാണ് വിരമിക്കൽ ഫണ്ടായി ഉദ്ദേശിക്കുന്നത്.
ഗോപാലിന് തന്റെ ലക്ഷ്യം കൈവരിക്കാന് 30 വർഷം സമയമുണ്ട്, ദീപക്കിന് 20 ഉം പവൻദീപിന് 10 ഉം വർഷമുണ്ട്. അവരുടെ നിക്ഷേപങ്ങൾക്ക് കിട്ടാവുന്ന വരുമാനം 12% ആണ്, വിരമിക്കൽ പദ്ധതികള് എത്തിപ്പിടിക്കാനായി താഴെക്കാണുന്ന പട്ടികയിൽ ഈ മൂന്ന് വ്യക്തികളും നടത്തേണ്ട മാസ നിക്ഷേപത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

| **വ്യക്തിയുടെ പേര്** | **നിലവിലെ പ്രായം** | **വിരമിക്കാൻ ബാക്കിയുള്ള വർഷങ്ങള്** | **വിരമിക്കൽ ഫണ്ട് ലക്ഷ്യം** | **പ്രതീക്ഷിത വാർഷിക വരുമാനം** | **ആവശ്യമായ പ്രതിമാസ നിക്ഷേപം** |
|---|---|---|---|---|---|
| ഗോപാൽ | 30 | 30 | 1,00,00,000 രൂപ | 12% | 3,277 രൂപ |
| ദീപക് | 40 | 20 | 1,00,00,000 രൂപ | 12% | 10,975 രൂപ |
| പവൻദീപ് | 50 | 10 | 1,00,00,000 രൂപ | 12% | 45,060 രൂപ |

മുകളിൽ കാണുന്ന പട്ടികയില് നമ്മള് കണ്ടതുപോലെ ഒരു വ്യക്തിയ്ക്ക് നിക്ഷേപം നടത്താൻ എത്ര സമയമുണ്ടോ, അത്രയും കുറവായിരിക്കും അയാൾ ലക്ഷ്യം നേടാനായി ചിലവഴിക്കുന്ന തുക. അതുകൊണ്ട് എത്രയും പെട്ടെന്ന് വിരമിക്കലിനായി നിക്ഷേപം ആരംഭിക്കുന്നതാണ് ഉചിതം.

**ബോധവാനായിരിക്കുക**
ദീർഘകാല അടിസ്ഥാനത്തില് കോമ്പൌണ്ടിംഗ് പ്രവർത്തനങ്ങള് അത്ഭുതം സൃഷ്ടിക്കുന്നു. കോമ്പൌണ്ടിംഗിൽ നേടിയ വരുമാനം (കാൽ വാർഷിക, അർദ്ധ വാർഷിക, വാർഷികം മുതലായവ) നിലവിലുള്ള നിക്ഷേപങ്ങൾക്കൊപ്പം പുനർനിക്ഷേപിക്കപ്പെടുകയും അധികമധികം വരുമാനം ആർജ്ജിക്കുകയും ചെയ്യുന്നു.

## ബി2ബി. ഉപേക്ഷിക്കാവുന്ന വരുമാന തുക

സ്ഥിരനിക്ഷേപത്തിന്റെ തുക വ്യക്തിയ്ക്ക് ഉപേക്ഷിക്കാന് പാകത്തിന് അധികമുള്ള വരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിലാണ്. ഇത് വ്യക്തിയുടെ വരുമാനം, ആശ്രിതരുടെ എണ്ണം കൂടാതെ അവരുടെ നിലവിലെ ബാദ്ധ്യതകള് എന്നിവയെ ആസ്പദമാക്കിയുള്ളതാണ്. അധിക തുക എന്നത് ഒരു വ്യക്തി തന്റെ എല്ലാ മാസ ബാദ്ധ്യതകളും നടത്തിയതിനുശേഷമുള്ള തുകയാണ്.

സാധാരണയായി, ഒരു വ്യക്തിയുടെ ജീവിതത്തില് പല സന്ദർഭങ്ങളിലും ഉപേക്ഷിക്കാവുന്ന വരുമാനം വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന്, ചെറിയ കുട്ടിയുള്ള ഒരു വ്യക്തിയുടെ വരുമാനം കുറവായിരിക്കും, കൂടാതെ അത് മുതിർന്ന കുട്ടികളുള്ള ഒരാളുടേതിനെക്കാള് കുറവുമായിരിക്കും. അതിന്റെ ഫലമായി നിക്ഷേപത്തിനുള്ള അധിക തുക കുറവായിരിക്കും. വ്യക്തി ജീവിത ചക്രത്തിലെ അടുത്ത ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ അവരുടെ വരുമാനം വർദ്ധിക്കുകയും അവർക്ക് അധികം ഉയർന്ന നിക്ഷേപം നടത്താന് സാധിക്കുകയും ചെയ്യും. അതിനാൽ വ്യക്തിയ്ക്ക് ഫ്ലെക്സിബിലിറ്റിയുള്ള ഉൽപന്നമാണ് തിരഞ്ഞെടുത്തിട്ടുള്ളതെങ്കിൽ നിക്ഷേപങ്ങള് അതിനനുസരിച്ച് തീരുമാനിക്കാന് സാധിക്കും.

**ബോധവാനായിരിക്കുക**

ഒരാളും അവർക്ക് സാധിക്കുന്നതിലും കൂടുതല് സേവിംഗ്സും നിക്ഷേപങ്ങളും നടത്താൻ പ്രേരിപ്പിക്കപ്പെടരുത് എന്ന് ഓർക്കുക.

## ബി2സി. നിലവിലുള്ള ആസ്തികളും ബാദ്ധ്യതകളും

പ്രൊഫഷണൽ ഉപദേശകര് വ്യക്തികളുടെ നിലവിലുള്ള ആസ്തികളും ബാദ്ധ്യതകളും കണക്കിലെടുക്കുകയും അവയ്ക്ക് സാമ്പത്തികമായി തുക നീക്കിവെയ്ക്കാൻ വ്യക്തികൾക്കുള്ള കഴിവിനെക്കുറിച്ചും പരിഗണിക്കുകയും വേണം. വ്യക്തികൾക്ക് അവരുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ആസ്തികള് സേക്യൂരിറ്റിയായി വെച്ച് പണം കണ്ടെത്തുകയും ചെയ്യാം.

**ഉദാഹരണം**
സ്വത്തുക്കൾ അല്ലെങ്കില് സ്വർണ്ണം പോലുള്ള ആസ്തികളിന്മേല് ലോണെടുത്ത് ഒരു വ്യക്തിയ്ക്ക് ക്രെഡിറ്റ് കാർഡ് ബാക്കി തുക അടയ്ക്കുകയോ, വ്യക്തിപരമായ ലോണുകൾ അടയ്ക്കുകയോ, കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിന് മുടക്കുകയോ ചെയ്യാം.

ഒരു വ്യക്തിയ്ക്ക് ജീവിതത്തിന്റെ പലഘട്ടങ്ങളില് ബാദ്ധ്യതകളുണ്ടാകാം, അതായത് ഹോം ലോൺ, കാർ ലോൺ, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ലോൺ, വ്യക്തിഗതമായ ലോണുകൾ കൂടാതെ ക്രെഡിറ്റ് കാർഡ് കടങ്ങള് എന്നിവ. പ്രൊഫഷണലായ ഒരു ഉപദേശകൻ നിക്ഷേപത്തിനുള്ള ഉപദേശം നൽകുന്നതിനുമുമ്പ് കക്ഷിയുടെ ബാദ്ധ്യതകളും കണക്കിലെടുക്കണം.

**ഇത് പരിഗണിക്കുക...**
നിങ്ങളുടെ കുടുംബത്തിന്റെ സേവിംഗ്സ് ആവശ്യങ്ങള് എന്തെല്ലാമാണ്? വ്യത്യസ്ത ആവശ്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.

# സി. സേവിംഗ്സ് ഉൽപന്നങ്ങളുടെ പ്രത്യേകതകളും ആനുകൂല്യങ്ങളും

വ്യത്യസ്ത സേവിംഗ്സ് ഉൽപന്നങ്ങള് വാഗ്ദാനം ചെയ്യുന്ന പ്രധാന പ്രത്യേകതകളെയും ആനുകൂല്യങ്ങളെക്കുറിച്ചും നമ്മളിനി പഠിക്കും മാത്രമല്ല എങ്ങനെയാണ് ഒരു പ്രത്യേക വ്യക്തിയുടെ ആവശ്യങ്ങള് നേടുന്നതില് അനുയോജ്യമാകുന്നതെന്നും മനസ്സിലാക്കും.

## സി1. മൂലധനം അല്ലെങ്കിൽ വരുമാന വർദ്ധനവ്

ചില സേവിംഗ്സ് ഉൽപന്നങ്ങള് സ്ഥിരവരുമാനം നൽകുന്നു (ബാങ്ക് ഫിക്സഡ് ഡെപ്പോസിറ്റ് വഴിയുള്ള പലിശ), ചിലത് മൂലധന വർദ്ധനവ് നല്കുന്നു (സ്വർണ്ണം) കൂടാതെ മറ്റുചിലത് രണ്ടിന്റെയും ഒരു മിശ്രിതം നൽകുന്നു (ഇക്വിറ്റി ഓഹരികൾ). ഈ ഉൽപന്നങ്ങളെല്ലാം അദ്ധ്യായത്തിന്റെ പിന്നീടുള്ള ഭാഗത്ത് പഠിക്കും. വ്യക്തിഗത നിക്ഷേപകരുടെ നിക്ഷേപ

പ്രൊഫൈൽ ഇതുമായി പേറുന്നുണ്ടെന്നത് ഉറപ്പുവരുത്തേണ്ട കാര്യം ഓർമ്മിക്കുക.

## സി2. ഗാരണ്ടികൾ

ചില ഉൽപന്നങ്ങള് ഗാരണ്ടീഡ് ആയ വരുമാനമുള്ളവയാണ്, ചിലത് വ്യത്യസ്ത വരുമാനങ്ങളുള്ളതും മറ്റു ചിലത് ഗാരണ്ടീഡായതും വ്യത്യസ്ത വരുമാനമുള്ളവയുടെയും ഒരു മിശ്രിതവുമായിരിക്കും. അതിനാൽ ഉൽപന്നങ്ങള് ഒരു വ്യക്തിഗത കക്ഷിയുടെ അപകടസാദ്ധ്യതാ പ്രൊഫൈലിനെ അടിസ്ഥാനമാക്കിയായിരിക്കണം തെരഞ്ഞെടുക്കേണ്ടത്.

**ഉദാഹരണം**

എബിസി ഇൻഷുറൻസ് കമ്പനി ഒരു ഗാരണ്ടീഡ് വരുമാന ഇൻഷുറൻസ് ഉൽപന്നം പുറത്തിറക്കി. ഈ ഉൽപന്നത്തിനായി കമ്പനി താഴെപ്പറയുന്ന ചേരുവകൾ **ഗാരണ്ടീ** ചെയ്യുന്നു:

- അഞ്ച് വർഷ പോളിസി കാലാവധിയില് ആയിരത്തിന് 60 രൂപ വെച്ച് മെച്യൂരിറ്റി സം ഇൻഷേർഡ്.
- പത്ത് വർഷ പോളിസി കാലാവധിയില് ആയിരത്തിന് 65 രൂപ വെച്ച് മെച്യൂരിറ്റി സം ഇൻഷേർഡ്.

ഫലത്തിൽ ഇതുകൊണ്ട് അർത്ഥമാക്കുന്നത് എബിസി ഇൻഷുറൻസ് കമ്പനി അഞ്ച് വർഷത്തിനും പത്ത് വർഷത്തിനുമുള്ള പോളിസികൾക്ക് യഥാക്രമം 6% വും 6.5% വും വാഗ്ദാനം ചെയ്യുന്നു എന്നതാണ്.

## സി3. 'ലോക്ക്-ഇൻ' കാലഘട്ടം

മിക്ക സേവിംഗ്സ് ഉൽപന്നങ്ങൾക്ക് നിശ്ചിതമായ ഒരു 'ലോക്ക്-ഇൻ' കാലാവധിയുണ്ട്, ആ സമയത്ത് വ്യക്തിയ്ക്ക് ഫണ്ടുകൾ പിൻവലിക്കാന് സാദ്ധ്യമല്ല. അതുകൊണ്ട് കക്ഷിയ്ക്ക് അവരുടെ ആവശ്യങ്ങളെക്കുറിച്ചും എത്ര സമയത്തിനകം അത് വേണ്ടിവരും എന്ന് കണക്കാക്കി ഉചിതമായ ഉൽപന്നത്തില് മാത്രം നിക്ഷേപിക്കുക.

**ഉദാഹരണം**

ഒരു നികുതി രക്ഷിക്കാനുള്ള ബാങ്ക് ഫിക്സഡ് ഡെപ്പോസിറ്റിൽ അഞ്ച് വർഷമാണ് ലോക്ക്-ഇൻ കാലാവധി. അതുകൊണ്ട് ഈ കാലയളവിൽ അവരുടെ ഫണ്ട് ഫിക്സഡ് ഡെപ്പോസിറ്റിൽ നിന്നും പിൻവലിക്കാന് സാധിക്കില്ല. അവർക്ക് പ്രസ്തുത ഫിക്സഡ് ഡെപ്പോസിറ്റ് മറ്റ് ബാങ്ക്

നിക്ഷേപങ്ങളെപ്പോലെ കാണിച്ച് ലോണെടുക്കാനും സാധിക്കില്ല.

ഇക്വിറ്റി ലിങ്ക്ഡ് സേവിംഗ്സ് സ്കീമുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് (ടാക്സ് സേവിംഗ് മ്യൂച്വൽ ഫണ്ടുകൾ) മൂന്ന് വർഷത്തെ ലോക്ക് ഇന് കാലാവധിയാണ് ഉള്ളത്. ഈ കാലാവധിയിൽ ഇത്തരം മ്യൂച്വല് ഫണ്ടുകളിൽ നിന്ന് തുക പിൻവലിക്കാന് സാദ്ധ്യമല്ല (പക്ഷെ ലോക്ക് ഇൻ കാലാവധിയില്ലാത്ത മ്യൂച്വൽ ഫണ്ടുകളില് സാദ്ധ്യമാണ്).

## സി4. പിഴകൾ

നിശ്ചിത കാലാവധിയിലേയ്ക്ക് നിക്ഷേപിച്ച തുക അത് പൂർത്തിയാകുന്നതിനുമുമ്പ് പിൻവലിച്ചാല് ഒരു പിഴയൊടുക്കണം. ഇത്തരം ഉൽപന്നങ്ങളില് നിക്ഷേപിക്കുന്നതിന് മുമ്പ് പരഗണിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണിത്.

**ഉദാഹരണം**

അജയൻ ഒരു ദ്വിവർഷ റിക്കറിംഗ് ഡെപ്പോസിറ്റ് അക്കൌണ്ട് ആരംഭിച്ചു, അതിൽ പ്രതിമാസം അയാള് 1,000 രൂപ അടയ്ക്കണം. ഏഴ് മാസത്തിനുശേഷം അതുവരെയുള്ള ഏഴ് മാസത്തെയും നിക്ഷേപങ്ങൾ തിരിച്ചെടുത്ത് അക്കൌണ്ട് അടയ്ക്കണമെന്ന് വിചാരിക്കുന്നു. ഇക്കാര്യത്തിൽ ബാങ്ക് അകാലത്തിൽ നടത്തുന്ന ഈ പിൻവലിക്കലിന് അതായത് രണ്ട് വർഷം പൂർത്തിയാകുന്നതിനുമുമ്പ് ഒരു പിഴ ഈടാക്കും.

ചില മ്യൂച്വൽ ഫണ്ടുകളുടെ ലോക്ക് ഇന് കാലാവധി ആറ് മാസമോ അല്ലെങ്കിൽ ഒരു വർഷമോ ആയിരിക്കും. കാലാവധി അവസാനിക്കുന്നതിനു മുമ്പ് ഉപഭോക്താവ് തുക പിൻവലിക്കുകയാണെങ്കില് മ്യൂച്വല് ഫണ്ട് ഒരു തുക കുറയ്ക്കുകയും (ലോക്ക് ഇൻ കാലാവധിയിൽ നടത്തുന്ന പിൻവലിക്കൽ) ബാക്കി തുക നൽകുകയും ചെയ്യുന്നു.

## സി5. അപകടസാദ്ധ്യത

എല്ലാ സേവിംഗ്സ് ഉൽപന്നങ്ങൾക്കും അപകടസാദ്ധ്യതകള് കൈകാര്യം ചെയ്യാനുണ്ട്, അവ താഴ്ന്നത്, മിതമായത്, അധികമായത് തുടങ്ങിയ വകതിരിവുകളോടുകൂടിയതായിരിക്കും എന്നു മാത്രം. താഴ്ന്ന അപകടസാദ്ധ്യതയുള്ള ഉൽപന്നങ്ങള് അധിക അപകടസാം ദ്ധ്യതയുള്ള

ഉൽപന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോള് കുറഞ്ഞ വരുമാനം തരുന്നവയായിരിക്കും. അതിനാൽ ഉൽപന്നങ്ങള് വ്യക്തിയുടെ സാഹചര്യങ്ങൾക്കും അപകടസാദ്ധ്യത നേരിടാനുള്ള താൽപര്യത്തെയും ആധാരമാക്കി ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കണം.

ഉദാഹരണം

വ്യക്തികളുടെ അപകടസാദ്ധ്യതയെ നേരിടാനുള്ള താൽപര്യം അവരുടെ സാഹചര്യങ്ങളെ ആസ്പദമാക്കിയിരിക്കും:

- ഒരു യുവാവ് അയാളുടെ ഇരുപതുകളിൽ തന്റെ പഠനമൊക്കെ അവസാനിപ്പിച്ച് വരുന്ന സമയത്ത് അധികം അപകടസാദ്ധ്യതകളെ നേരിടാൻ തയ്യാറായിരിക്കും, അതിന് കാരണം ചുമതലകൾ കുറവായിരിക്കുമെന്നതാണ്.
- മുപ്പതുകളുടെ മദ്ധ്യത്തിലുള്ള കുട്ടികളൊക്കെയുള്ള വ്യക്തി അധികം അപകടസാദ്ധ്യതകളുള്ള നിക്ഷേപ കാര്യങ്ങൾക്ക് ഇറങ്ങിത്തിരിക്കുന്നത് ഉചിതമല്ല. അവർക്ക് കൂടുതല് ചുമതലകള് നിർവഹിക്കാനുണ്ട് എന്നതിനാൽ തന്നെ അപകടസാദ്ധ്യതകളിലേയ്ക്ക് അത്രയെളുപ്പം ചെന്നുചാടില്ല.
- അമ്പതുകളുടെ മദ്ധ്യത്തിലുള്ള, വിരമിക്കൽ പ്രായം അടുത്ത ഒരാളുടെ അപകടസാദ്ധ്യതകളെ നേരിടാനുള്ള താൽപര്യം തീരെ കുറവായിരിക്കും.

## സി6. മെക്കാനിസങ്ങള് വാങ്ങുകയും വിൽക്കുകയും

മെക്കാനിസങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാകുന്നത് രണ്ട് തരത്തിലാണ്: വ്യക്തിഗത നിക്ഷേപകനുള്ള സൌകര്യവും ഇടപാടിന്റെ വേഗതയും.

**ഉദാഹരണം**

സേവിംഗ്സ് ഉൽപന്നങ്ങള് വ്യത്യസ്ത മാർഗങ്ങളില് വാങ്ങാവുന്നതാണ്, വ്യക്തിഗത ഏജന്റുമാർ, ഇന്റർനെറ്റ്, കോൾ സെന്ററുകൾ, എടിഎമ്മുകൾ, ബാങ്കുകൾ ബ്രോക്കർമാര് തുടങ്ങിയ കോർപ്പറേറ്റ് ഏജന്റുമാര് എന്നിവ വഴി. സേവിംഗ്സ് ഉൽപന്നങ്ങള് വാങ്ങാനുള്ള നടപടിക്രമങ്ങള് വ്യക്തി എല്ലാ പ്രമാണങ്ങളും ശരിയായി സമർപ്പിച്ചാല് അനായാസമായി നടക്കുന്നതാണ്. ഇന്റർനെറ്റുവഴി സേവിംഗ്സ് ഉൽപന്നങ്ങള് വാങ്ങുന്നത് സൌകര്യപ്രദമാണെന്നു മാത്രമല്ല ഇടപാട് അതിവേഗത്തിലാക്കുകയും ചെയ്യുന്നു.

ബ്രോക്കറുടെ വെബ്സൈറ്റ് വഴി ഒരു വ്യക്തിയ്ക്ക് ഓഹരികള് ഓൺലൈനായി വാങ്ങാനും വിൽക്കാനും സാധിക്കും. ഇത് അവർക്ക് സൌകര്യപ്രദവും ഇടപാട് ഉടനടി തീർക്കാനും സഹായിക്കും. അവർക്ക് ആവശ്യങ്ങളുന്നയിച്ചുകൊണ്ട് അത് നടത്താനും ബ്രോക്കറുടെ ഓഫീസോ കോൾ സെന്ററോ സന്ദർശിക്കേണ്ട ആവശ്യമില്ല.

അതുപോലെ, ഒരു വ്യക്തിയ്ക്ക് ഒരു ബാങ്കിന്റെ വെബ്സൈറ്റോ കോള് സെന്ററോ വഴി ബാങ്കിന്റെ ബ്രാഞ്ച് അവധിയിലാണെങ്കില് പോലും ഇടപാട് നടത്താൻ സാധിക്കും. ഇത് ഉപഭോക്താവിന് സൌകര്യപ്രദമാണ്.

## സി7. ഫ്ലെക്സിബിലിറ്റി

ഫ്ലെക്സിബിലിറ്റി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നിക്ഷേപങ്ങളുടെ വിവിധ രൂപങ്ങളിലേയ്ക്ക്, വിവിധ സംഭാവനകൾ നൽകുന്നതിലേയ്ക്ക് സംഭാവനകൾ കുറച്ചു കാലത്തേയ്ക്ക് നിർത്തുന്നതിനുവരെ സാധിക്കുന്ന അനായാസതയ്ക്കാണ്. ഈ പ്രത്യേകതകൾ ഒരു ഉൽപന്നത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കും. ഫ്ലെക്സിബിളായ ഉൽപന്നങ്ങള് ഉൽപന്നത്തിന്റെ നിലനിൽപിനെ ബാധിക്കാതെ തന്നെ ഭാഗികമായ തുക പിൻവലിക്കലുകൾക്ക് അവസരം നൽകുന്നു. സാധാരണയായി, ഉൽപന്നത്തിന്റെ ഫ്ലെക്സിബിലിറ്റി എത്ര അധികമാണോ അത് അത്ര അനുയോജ്യവുമായിരിക്കും. എന്നിരുന്നാലും താൽക്കാലികമായി സംഭാവനകൾ നിർത്തിവെയ്ക്കുന്നതും ഭാഗികമായ തുക പിൻവലിക്കലുകളും ദീർഘകാലാടിസ്ഥാനത്തിലുള്ള നിക്ഷേപ വരുമാനത്തെ ബാധിക്കും.

**ഉദാഹരണം**


യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകള് (യൂലിപ്പുകൾ) പോളിസി ഉടമകളെ അവരുടെ നിക്ഷേപങ്ങളെ ഒരു ഫണ്ടിൽ (ഇക്വിറ്റി) നിന്ന് മറ്റൊരു ഫണ്ടിലേയ്ക്ക് (ഡെബ്റ്റ്) മാറാൻ അനുവദിക്കുന്നു. അവർ പോളിസി ഉടമകൾക്ക് പ്രീമിയം അവധികള് നൽകുകയും (താൽക്കാലികമായി സംഭാവനകൾ നടത്തുന്നത് നിർത്താൻ) ഭാഗികമായ പിൻവലിക്കലുകള് നടത്താൻ അനുവദിക്കുകയും ചെയ്യും.

**ഇത് പരിഗണിക്കുക...**
കമ്പനികൾ ഉൽപന്നങ്ങളുടെ വില നിശ്ചയിക്കുന്നത് അതുമായി ബന്ധപ്പെട്ട അപകടസാദ്ധ്യതകളുടെ തോതിനനുസരിച്ചാണ്. ഈ ഉൽപന്നങ്ങള് അപകടസാദ്ധ്യതകൾ കുറഞ്ഞത്, മിതമായത്, വളരെയധികമുള്ളത് എന്നിങ്ങനെയാണ് തരം തിരിച്ചിരിക്കുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന വിഭാഗങ്ങളിൽ ഏതെല്ലാം തരത്തില് പെട്ട കക്ഷികളാണ് നിക്ഷേപം നടത്തുക?

# ഡി. സേവിംഗ്സ് ഉൽപന്നങ്ങളുടെ തരങ്ങള്

ഈ വിഭാഗത്തിൽ നമ്മള് താഴെപ്പറയുന്ന തരം സേവിംഗ്സ് ഉൽപന്നങ്ങളുടെ പ്രത്യേകതകൾ ചർച്ച ചെയ്യും:

**ചിത്രം6.1**




## ഡി1. ലൈഫ് ഇൻഷുറൻസ്

ഒരുപാട് ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങള് പ്രാഥമികമായ ലൈഫ് പരിരക്ഷയോടൊപ്പം, ഒരു സേവിംഗ്സ് ഘടകത്തോടൊപ്പമാണ് വരുന്നത്.പ്രീമിയത്തിന്റെ സേവിംഗ്സ് ഘടകം എന്നത് പോളിസി ഉടമകളുടെ പേരിൽ ഇൻഷുറൻസ് കമ്പനി നിക്ഷേപിക്കുന്നതും ബോണസ്സിന്റെ രൂപത്തില് ലാഭവിഹിതം നൽകുന്നതുമാണ്.

എന്റോവ്മെന്റ് പ്ലാനുകള് കൂടാതെ മൊത്തം ലൈഫ് പ്ലാനുകള് എന്നിവയില് നിക്ഷേപിക്കുകവഴി നിക്ഷേപ അപകടസാദ്ധ്യത ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. യൂലിപ്പുകളിൽ നിക്ഷേപ അപകടസാദ്ധ്യത വഹിക്കേണ്ടത് പോളിസി ഉടമതന്നെയാണ്.

പരിരക്ഷാ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് പുറമെ, ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങള് ദീർഘകാല നിക്ഷേപ ലക്ഷ്യങ്ങളായ കുട്ടികളുടെ വിദ്യാഭ്യാസം വിവാഹം, വിരമിക്കല് പ്ലാനുകള് എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമായതാണ്.

## ഡി2. ബാങ്ക് നിക്ഷേപങ്ങൾ

ബാങ്ക് നിക്ഷേപങ്ങൾ ഏറ്റവും പഴയതും തെരഞ്ഞെടുക്കപ്പെടുന്നതുമായ നിക്ഷേപ ഉൽപന്നങ്ങളാണ്. അവർ ബാങ്ക് അക്കൌണ്ട് വഴി ഫിക്സഡ് നിക്ഷേപം നടത്തുകയും അത് ലംപ് സം തുകയ്ക്ക് ഇടയാക്കുകയും ചെയ്യുന്നു. ബാങ്ക് നിക്ഷേപങ്ങൾ സാധാരണയായി അറിയപ്പെടുന്നത് ഫിക്സഡ് ഡെപ്പോസിറ്റുകളെന്നോ ടേം ഡെപ്പോസിറ്റുകളെന്നോ ആണ്. ബാങ്ക് നിക്ഷേപങ്ങൾ തരക്കേടില്ലാത്ത വരുമാനം ലഭ്യമാക്കുന്ന നിക്ഷേപങ്ങളാണ്. ബാങ്ക് നിക്ഷേപത്തിൽ തുക, കാലാവധി, പലിശ നിരക്ക്, പേയ്മെന്റ് തരം എന്നിവ നിക്ഷേപം ആരംഭിക്കുമ്പോൾ തന്നെ തീരുമാനിക്കപ്പെടുന്നതാണ്.

നിക്ഷേപകന് മൂന്നു തരം നിക്ഷേപങ്ങളില് നിന്ന് തെരഞ്ഞെടുക്കാം:

| | |
|---|---|
| **പരമ്പരാഗത നിക്ഷേപങ്ങൾ** | ഈ തരത്തിലുള്ള നിക്ഷേപങ്ങളിൽ ബാങ്ക് നിക്ഷേപകന് പ്രതിമാസ/കാൽവാർഷിക/അർദ്ധ വാർഷിക/വാർഷിക അടിസ്ഥാനത്തില് പലിശ നൽകുന്നു, അത് നിക്ഷേപകൻ നിക്ഷേപാരംഭത്തില് തെരഞ്ഞെടുത്തതുപോലെ ആയിരിക്കും. |
| **ക്യുമുലേറ്റീവ് നിക്ഷേപങ്ങൾ** | ഈ തരത്തിലുള്ള നിക്ഷേപങ്ങളിൽ ബാങ്ക് കാലാവധി അവസാനിക്കുമ്പോൾ മൂലധനവും അതോടൊപ്പം മൊത്തം പലിശയും നൽകുന്നു. ക്യുമുലേറ്റീവ് നിക്ഷേപങ്ങളില് പലിശ സാധാരണയായി കോമ്പൌണ്ട് ചെയ്യുക മൂന്നു മാസം കൂടുമ്പൊഴാണ്. |
| **റിക്കറിംഗ് നിക്ഷേപങ്ങൾ** | ഈ തരം നിക്ഷേപങ്ങളിൽ ഒരു നിശ്ചിത കാലത്തേയ്ക്ക് നിക്ഷേപകന് ഒരു തുക എല്ലാ മാസവും അടയ്ക്കുന്നു.ഈ നിക്ഷേപങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, വാഹനം വാങ്ങുക തുടങ്ങിയ ആവശ്യങ്ങളുള്ളവർക്ക് അനുയോജ്യമായതാണ്. |

ഇത്തരം നിക്ഷേപങ്ങളിലുള്ള പലിശ നിരക്ക് മെച്യൂരിറ്റി കാലാവധിയ്ക്കനുസരിച്ച് മാറുന്നു. ബാങ്ക് നിക്ഷേപങ്ങൾ പലിശയായി വരുമാനം നൽകുന്നു. ബാങ്കിൽ നിക്ഷേപിച്ച പ്രാഥമിക തുക നിക്ഷേപത്തിന്റെ മെച്യൂരിറ്റിയാകുമ്പോൾ തിരികെ നൽകുന്നു.

## ഡി3. മ്യൂച്വൽ ഫണ്ടുകള്

ഒരു മ്യൂച്വൽ ഫണ്ട് എന്നത് ഒരു പൊതു ലക്ഷ്യത്തിനായി ആളുകളെ ഒരുമിച്ച് കൊണ്ടുവരുന്നതിനെ ഉദ്ദേശിച്ചുള്ളവയാണ്. ഈ വ്യക്തികളിൽ നിന്ന് ശേഖരിച്ച പണം അവരുടെ പേരിൽ നിക്ഷേപിക്കുകയും വരുമാനത്തിന്റെ

ഒരു ഓഹരി അവർക്ക് നൽകുകയും ചെയ്യുന്നു. മ്യൂച്വൽ ഫണ്ടുകള് അസറ്റ് മാനേജ്മെന്റ് കമ്പനികളാല് (എഎംസികൾ) നിയന്ത്രിതമാണ്. എഎംസികൾ പദ്ധതിയുടെ ഉദ്ദേശത്തിനനുസരിച്ച് പണം, ഇക്വിറ്റികൾ, ഡെബ്റ്റ് ഇൻസ്ട്രുമെന്റ്സ്, മണി മാർക്കറ്റ് മുതലായവയില് നിക്ഷേപിക്കുന്നു. എഎംസികൾ യോഗ്യതയും അനുഭവസമ്പത്തുള്ളതുമായ ഫണ്ട് മാനേജർമാരെയാണ് നിയോഗിക്കുക (പോർട്ട്ഫോളിയോ മാനേജർമാര് എന്നും അറിയപ്പെടും), അവരാണ് നിക്ഷേപകൻ തെരഞ്ഞെടുത്ത ഫണ്ട് (അല്ലെങ്കിൽ സ്കീം) തരത്തിനനുസരിച്ച് നിക്ഷേപിക്കുന്നതിന് ചുമതലയുള്ളവർ.

മ്യൂച്വൽ ഫണ്ടുകളില് നിക്ഷേപിക്കുന്നതുകൊണ്ടുള്ള പ്രധാന പ്രയോജനം അപകടസാദ്ധ്യത പങ്കുവെയ്ക്കപ്പെടുന്നു എന്നതാണ്. വ്യക്തിയുടെ ഫണ്ടുകൾ വ്യത്യസ്ത സെക്യൂരിറ്റികളിലായി വിതരണം ചെയ്യപ്പെടുകയും കുറഞ്ഞ അപകടസാദ്ധ്യതയിൽ മികച്ച വരുമാനം ലഭിക്കുകയും ചെയ്യും.

മ്യൂച്വൽ ഫണ്ടുകള് രണ്ട് തരം വരുമാനം നൽകുന്നു:

•മ്യൂച്വൽ ഫണ്ട് സ്കീമില് പ്രഖ്യാപിച്ചിട്ടുള്ളതുപോലെ സമയാസമയങ്ങളില് ഡിവിഡന്റുകളുടെ രൂപത്തില്**സ്ഥിരവരുമാനം**; കൂടാതെ
•മ്യൂച്വൽ ഫണ്ട് യൂണിറ്റുകള് വാങ്ങിയതിനെക്കാള് കൂടിയ വിലയ്ക്ക് വിറ്റ് **കാപ്പിറ്റല് അപ്രീസിയേഷന്** നൽകിക്കൊണ്ട്.

എന്നിരുന്നാലും, മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങളില് മൂലധന നഷ്ടമുണ്ട്. കമ്പനികളുടെ സാമ്പത്തിക പ്രകടനം മോശമാണെങ്കിൽ നഷ്ടം സംഭവിക്കും. ഇത് നിക്ഷേപങ്ങളുടെ മൂല്യം ഇടിയാൻ ഇടയാക്കുകയും ചെയ്യും. സ്കീം ഏതിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കിയാണ് പ്രകടനം നിശ്ചയിക്കപ്പെടുന്നത് എന്ന് നമുക്ക് കാണാം.

## ഡി4. ഓഹരികൾ

ഇക്വിറ്റി ഓഹരികൾ കമ്പനിയുടെ ഉടമസ്ഥതയെ പ്രതിനിധീകരിക്കുന്നു. കമ്പനി അതിന്റെ വളർച്ചയ്ക്കായി എപ്പോള് പണം സ്വരൂപിക്കാന് തീരുമാനിച്ചാലും, ഒരു പുതിയ ഉൽപാദന യൂണിറ്റ് ആരംഭിച്ചാലോ, ഒരു പുതിയ കമ്പനി ഏറ്റെടുത്താലോ, പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചാലോ, പ്രവർത്തന മൂലധനത്തിനായോ (കമ്പനിയുടെ ഉടമസ്ഥാവകാശം) പൊതുജനത്തിനായി തുറന്നുകൊടുക്കും.

**ഉദാഹരണം**
കമ്പനിയുടെ മൊത്തം മൂലധനം 10,00,000 രൂപയാണെന്ന് വിചാരിക്കുക, അതിൽ 10 രൂപയുടെ 1,00,000 ഇക്വിറ്റി ഓഹരികളാണുള്ളത്. കമ്പനിയുടെ ഉടമസ്ഥർ (പ്രൊമോട്ടർമാർ) കമ്പനിയുടെ വികസനത്തിനായി 10,000 ഓഹരികൾ, അതായത് 10% പൊതുജനത്തിനായി നീക്കിവെക്കുന്നു. 10,000 ഓഹരികളുള്ളതിൽ ഒരു വ്യക്തി 100 ഓഹരികൾ വാങ്ങുകയാണെങ്കിൽ, അവർ 0.1% (1,00,000 ഓഹരികളില് 100 ഓഹരി) കമ്പനിയുടെ ഷെയർഹോൾഡിംഗ് ഉടമസ്ഥാവകാശം നേടി എന്നതാണർത്ഥം.

ഓഹരികള് ഒരിക്കല് പൊതുജനത്തിന് വാഗ്ദാനം ചെയ്തുകഴിഞ്ഞാല് വാങ്ങലും വിൽക്കലും സ്റ്റോക്ക് എക്സ്ചേഞ്ചുകള് വഴി നടക്കുന്നു.സ്റ്റോക്ക് എക്സ്ചേഞ്ചുകൾ വ്യക്തികള് തമ്മിലുള്ള വാങ്ങല് വിൽക്കല് ഇടപാടുകൾക്കുള്ള ഒരു പ്ലാറ്റ്ഫോമാണ്. എന്നിരുന്നാലും വ്യക്തികൾക്ക് സ്റ്റോക്ക് എക്സ്ചേഞ്ചുകൾ വഴി വാങ്ങലും വിൽക്കലും സാദ്ധ്യമല്ല, മറിച്ച് അവ സാധിക്കുന്നത് സ്റ്റോക്ക് എക്സ്ചേഞ്ച് അംഗത്വമുള്ള സ്റ്റോക്ക് ബ്രോക്കർമാര് വഴിയാണ്. ഇന്ത്യയിലുള്ള രണ്ട് പ്രധാന സ്റ്റോക്ക് എക്സ്ചേഞ്ചുകൾ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് (ബിഎസ്ഇ) കൂടാതെ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻഎസ്ഇ) എന്നിവയാണ്.

കമ്പനിയുടെ ഓഹരികൾ വാങ്ങിയ വ്യക്തികൾക്ക് കമ്പനിയുടെ ലാഭവിഹിതം ഡിവിഡന്റുകളുടെ രൂപത്തില് ലഭിക്കാനുള്ള അവകാശമുണ്ട്. ഷെയർഹോൾഡർമാര് എത്ര ഓഹരികള് കൈവശം വെച്ചിരിക്കുന്നു എന്നതിനെ ആസ്പദമാക്കിയാകും ലാഭം വിതരണം ചെയ്യുക.

ഇക്വിറ്റി ഓഹരികൾ നിക്ഷേപകന് മൂന്നു തരം വരുമാനമാണ് പ്രദാനം ചെയ്യുന്നത്:

| | |
|---|---|
| **ഡിവിഡന്റ് വരുമാനം** | മുമ്പ് പ്രഖ്യാപിച്ചതുപോലെ സമയാസമയങ്ങളില് കമ്പനി ഡിവിഡന്റുകളുടെ രൂപത്തിൽ ലാഭവിഹിതം ഷെയർഹോൾഡർമാർക്ക് നൽകുന്നു. |
| **ബോണസ്സ് ഓഹരികൾ** | ഒരു കമ്പനിയ്ക്ക് വലിയ പണ നിക്ഷേപം ഉണ്ടായിരിക്കുമ്പോൾ, അത് ഡിവിഡന്റുകളായി വിതരണം ചെയ്യുന്നതിനുപകരം ബോണസ്സ് ഓഹരികളായി (സൌജന്യ ഓഹരികള്) വിതരണം ചെയ്യുകയാണ് ചെയ്യുക. ബോണസ്സ് ഓഹരികൾ കമ്പനിയുടെ നിലവിലുള്ള ഷെയര് മൂലധനത്തിന്റെ അനുപാതത്തിനനുസരിച്ചായിരിക്കും പുറപ്പെടുവിക്കുക. ബോണസ്സ് ഷെയറുകളുടെ പുറപ്പെടുവിക്കൽ മാനേജ്മെന്റ് അതിന്റെ ഓഹരിയുടമകൾക്ക് നൽകുന്ന വിശ്വാസവോട്ടാണ് കൂടാതെ അത് കമ്പനിയുടെ മികച്ച സാമ്പത്തിക പ്രകടനത്തെയും ശോഭനമായ ഭാവിയെയും സൂചിപ്പിക്കുന്നു. |
| **മൂലധന** | ഓഹരികൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുകയും ഉയർന്ന വിലയ്ക്ക് അവ |

| | |
|---|---|
| **അംഗീകാരം** | വിൽക്കുകയും ചെയ്താൽ, രണ്ട് തുകകളും തമ്മിലുള്ള വ്യത്യാസമാണ് ലാഭം അല്ലെങ്കിൽ കാപ്പിറ്റൽ അപ്രീസിയേഷന്എന്നറിയപ്പെടുന്നത് |

**ബോധവാനായിരിക്കുക**
ഒരു നിക്ഷേപകന് ഇക്വിറ്റി നിക്ഷേപങ്ങളിൽ നഷ്ടവും സംഭവിക്കാം. ഇക്വിറ്റി നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം കമ്പനിയുടെ പ്രകടനത്തെ ആസ്പദമാക്കിയിരിക്കുന്നു. ഓഹരികൾ ഉയർന്ന വിലയ്ക്ക് വാങ്ങുകയും താഴ്ന്ന വിലയ്ക്ക് അത് വിൽക്കുകയും ചെയ്താല് ആ വ്യത്യാസത്തിന് മൂലധന നഷ്ടം എന്നു പറയുന്നു, ഇത് സംഭവിക്കുന്നത് കമ്പനിയുടെ മോശം സാമ്പത്തിക പ്രകടനത്തിന്റെ ഫലമായാണ്

## ഡി5. ബോണ്ടുകൾ

ബോണ്ടുകൾ ഫിക്സഡ് ഡെപ്പോസിറ്റുകളോട് സാമ്യമുള്ളവയാണ്, കാരണം അവ പേയ്മെന്റുകളിലെ പലിശയായി വരുമാനം നൽകുന്നു. എന്നിരുന്നാലും, ബോണ്ടുകൾ വാങ്ങുന്നവരും വിൽക്കുന്നവർക്കുമിടയിലും കച്ചവടം നടത്താവുന്നതാണ്. ബാങ്കുകളല്ലാതെ സർക്കാർ, കമ്പനികൾ മറ്റ് സ്ഥാപനങ്ങള് എന്നിവയും പൊതുജനത്തിൽ നിന്ന് ധനശേഖരണാർത്ഥം ബോണ്ടുകള് പുറപ്പെടുവിക്കാറുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ഒരു ബോണ്ട് എന്നത് പുറപ്പെടുവിക്കുന്നവർ നിക്ഷേപകർക്ക് ലഭ്യമാക്കുന്ന ഒരു ലോണാണ് ബോണ്ട്. അതുകൊണ്ട് ബോണ്ടുകളുടെ കാര്യത്തിൽ നിക്ഷേപകരാണ് ലോണ് നൽകുന്നത്, അവർക്കതിന്മേലുള്ള പലിശയും ലഭിക്കുന്നു. അസൽ തുകയുടെ (പ്രാഥമിക) കാലാവധി പൂർത്തിയാകുമ്പോള് അത് നൽകിയവർക്ക് തിരികെ നൽകുന്നു.

നിക്ഷേപകർക്ക് നിക്ഷേപങ്ങള് നടത്താന് വ്യത്യസ്ത തരം ബോണ്ടുകള് ലഭ്യമാണ്, അവ:

- കോർപ്പറേറ്റ് ബോണ്ടുകള്;.
- സർക്കാര് സെക്യൂരിറ്റികള് (ജി-സെക്);
- വാണിജ്യ പത്രം; കൂടാതെ.
- ട്രെഷറി ബില്ലുകള്.

## ഡി6. പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങൾ

ഇന്ത്യയിലുള്ള പോസ്റ്റ് ഓഫീസുകൾ താഴെപ്പറയുന്നതരത്തില് വളരെയധികം നിക്ഷേപ ഉൽപന്നങ്ങള് വാഗ്ദാനം ചെയ്യുന്നുണ്ട്:

• നാഷണൽ സേവിംഗ്സ് സാക്ഷ്യപത്രം (എൻഎസ് സി).
• കിസാൻവികാസ്പത്ര (കെവിപി).
• പബ്ലിക് പ്രൊവിഡന്റ് ഫണ്ട് (പിപിഎഫ്).
• പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൌണ്ട്.
• റിക്കറിംഗ് ഡെപ്പോസിറ്റ് അക്കൌണ്ട്.
• ടേം ഡെപ്പോസിറ്റ് അക്കൌണ്ട്.
• പോസ്റ്റ് ഓഫീസ് മന്ത്ലി ഇൻകം സ്കീം (പിഒഎംഐഎസ്).
• സീനിയർ സിറ്റിസൻസ് സേവിംഗ് സ്കീം (എസ്സി എസ്എസ്).

ഇവയെല്ലാം ഒരു വ്യക്തി ലംപ് സം തുക ലഭിക്കാനായി നിശ്ചിതമായൊരു കാലം നിക്ഷേപിക്കേണ്ടവയാണ് (സ്ഥിരനിക്ഷേപങ്ങളായി സേവിംഗ്സ് അക്കൌണ്ടുകളാക്കാത്തപക്ഷം). നിശ്ചിത കാലത്തെ നിക്ഷേപത്തിന് നിക്ഷേപകന് ഒരു നിശ്ചിത പലിശ വരുമാനമായി ലഭിക്കുന്നു.

## ഡി7. സ്വർണ്ണത്തിലും വെള്ളിയിലുമുള്ള നിക്ഷേപം

ഇന്ത്യ ലോകത്തിലെത്തന്നെ ഏറ്റവുമധികം സ്വർണ്ണം ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നാണ്, കൂടാതെ വെള്ളി ഇന്ത്യയിലെ ഏറ്റവും പഴയ നിക്ഷേപ ഉപാധികളിലൊന്നുമാണ്. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ആഭരണോപാധികളായ സ്വർണ്ണത്തിലും വെള്ളിയിലും നിക്ഷേപിക്കാനുള്ള വിവിധ മാർഗങ്ങളുണ്ട്. സ്വർണ്ണവും വെള്ളിയും നിക്ഷേപം നടത്താന് ബാങ്കുകളും ജ്വല്ലറികളും നൽകുന്ന നാണയങ്ങളും ബാറുകളും വാങ്ങാം. ഭൌതികമായ സ്വർണ്ണത്തിനു പുറമെ, സ്വർണ്ണത്തില് ഇലക്ട്രോണിക് ഫോർമാറ്റില് നിക്ഷേപിക്കുന്നതും വർദ്ധിച്ചു വരികയാണ്. ഗോൾഡ് ഇടിഎഫുകള്(എക്സ്ചേഞ്ച് ട്രേഡ് ഫണ്ടുകൾ) മ്യൂച്വൽ ഫണ്ടുകള് പോലെത്തന്നെയാണ്, അതിൽ ഗോൾഡ് യൂണിറ്റുകള് ഇലക്ട്രോണിക് ഫോർമാറ്റില് സ്റ്റോക്ക് എക്സ്ചേഞ്ചുകള് വഴി വിൽക്കുകയാണ് ചെയ്യുക. ഗോൾഡ് ഇടിഎഫ്കളില് ഒരു യൂണിറ്റ് പ്രതിനിധീകരിക്കുന്നത് ഒരു ഗ്രാം അല്ലെങ്കിൽ അര ഗ്രാം സ്വർണ്ണത്തെയാണ്.

സ്വർണ്ണത്തിലും വെള്ളിയിലും നിക്ഷേപിക്കാനുള്ള കാരണങ്ങള് ചുവടെ:

• മികച്ച വരുമാനം;

• പോർട്ട്ഫോളിയോ ഡൈവേഴ്സിഫിക്കേഷന്;
• നാണയപ്പെരുപ്പത്തിനെതിരെയുള്ള പരിരക്ഷ; കൂടാതെ
• അനിശ്ചിതത്വങ്ങൾക്കെതിരെയുള്ള ഇൻഷുറൻസ്.

| ചോദ്യം 6.1 |
| --- |
| എന്താണ് മ്യൂച്വൽ ഫണ്ട്? |

# ഇ. നിക്ഷേപ ഉൽപന്നങ്ങളിലെ നികുതി കൂടാതെ നാണയപ്പെരുപ്പ പ്രയോഗങ്ങള്

ഒരു വ്യക്തിയുടെ വ്യക്തിഗതമായ നികുതി നില അനുയോജ്യമായ നിക്ഷേപ ഉൽപ്പന്നങ്ങള് തെരഞ്ഞെടുക്കുന്നതിനെ ഗണ്യമായി സ്വാധീനിക്കും.

## ഇ1. നികുതി പ്രയോഗങ്ങൾ

ഒരു വർഷത്തിന്റെ അവസാന മൂന്നു മാസത്തില് ഇൻഷുറൻസ് ഏജന്റുമാർക്ക് ഏറ്റവും തിരക്കുപിടിച്ച കാലമായിരിക്കും, അപ്പോഴാണ് ഏറ്റവുമധികം മറ്റ് സാമ്പത്തിക ഉപദേശങ്ങള് നൽകേണ്ടിവരിക. ഈ സമയത്താണ് നികുതി പദ്ധതിയിടലും ശമ്പളത്തിൽ നിന്നുള്ള നികുതി കുറയുന്നതിനെ പ്രതിരോധിക്കാനുള്ള നിക്ഷേപ പരിപാടികൾ ആലോചിക്കുക. ഇക്കാര്യത്തിൽ ആളുകള് നിക്ഷേപം നടത്തുന്നത് അവരുടെ നികുതി ബാദ്ധ്യതകൾ കുറയ്ക്കാനാണ്.

നിക്ഷേപവും സേവിംഗ്സും നടത്തുന്നതിന് ഇതൊരു നല്ല സമീപനമല്ല, കാരണം ആവശ്യങ്ങളുടെ മുൻഗണനാ അടിസ്ഥാനത്തിലാണ് നിക്ഷേപം നടത്തേണ്ടത്, മാത്രമല്ല മികച്ച സാമ്പത്തിക പദ്ധതിയിടലും ആവശ്യമാണ്. ഈ വിഭാഗത്തിൽ നമ്മള് സേവിംഗ്സ് ഉൽപന്നങ്ങളിലെ നികുതി പ്രയോഗങ്ങളെക്കുറിച്ച് പഠിക്കും.

## ഇ2. ഇൻകം ടാക്സ് നിയമം 1961

ഈ നിയമം പ്രാബല്യത്തിൽ വന്നത് 1962 ഏപ്രില് 1 നാണ് കൂടാതെ ഇതിനോടകം ഒരുപാട് മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും അതിന് വരികയും ചെയ്തിട്ടുണ്ട്. എല്ലാ പ്രധാന കൂട്ടിച്ചേർക്കലുകളും ഒരു സാമ്പത്തിക നിയമം

(യൂണിയൻ ബജറ്റ് അവതരണത്തില് വെച്ച്) അല്ലെങ്കിൽ മറ്റ് തിരുത്തല് രേഖകൾ വഴിയാണ് നടത്തിയിട്ടുള്ളത്. അതുകൂടാതെ, സെൻട്രല് ബോർഡ് ഓഫ് ഡയറക്റ്റ് ടാക്സസ്സ് (സിബിഡിടി) ഇൻകം ടാക്സുമായിഒ ബന്ധപ്പെട്ട പ്രയോഗങ്ങളെക്കുറിച്ചുള്ള വിശദീകരണക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നു.

കാര്യക്ഷമമായ നികുതി പദ്ധതിയിടലിൽ പ്രവർത്തിക്കുമ്പോൾ, സർക്കാര് ലഭ്യമാക്കുന്ന നികുതി ഒഴിവാക്കലുകളെക്കുറിച്ചും ഇളവുകളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതാണ്. നിലവിലുള്ള ഇൻകം ടാക്സ് നിയപ്രകാരം നികുതി നിക്ഷേപകന് വിവിധ വിഭാഗങ്ങളിലുള്ള താഴെപ്പറയുന്ന നികുതി ഇളവുകൾ പ്രയോജനപ്പെടുത്താൻ സാധിക്കും.

## ഇ2എ. വിഭാഗം 80സി

വിഭാഗം 80സിയിൽ നികുതിയോടുകൂടിയ ഉൽപന്നങ്ങളില് നടത്തുന്ന നിക്ഷേപങ്ങൾക്കനുവദിച്ചിട്ടുള്ള ഇളവ്:

- പരമ്പരാഗത ഉൽപന്നങ്ങളില് അടയ്ക്കുന്ന പ്രീമിയങ്ങൾക്ക്.
- യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകള് (യൂലിപ്പുകൾ).
- പെൻഷന് പേയ്മെന്റുകള്.
- ഹോം ലോണിന്റെ പ്രധാന തുക തിരിച്ചടയ്ക്കുന്നതിന്.
- എംപ്ലോയീ പ്രൊവിഡന്റ് ഫണ്ടുകളില് (എഫ്പിഎഫുകൾ).
- ഇക്വിറ്റി ലിങ്ക്ഡ് സേവിംഗ് സ്കീമുകൾ (ഇഎൽഎസ്സുകള്).
- കുട്ടികൾക്ക് അടയ്ക്കുന്ന ട്യൂഷന് ഫീസുകള്.
- പഞ്ചവത്സര സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങള്.
- പബ്ലിക് പ്രൊവിഡന്റ് ഫണ്ടുകള് (പിപിഎഫുകള്).
- നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകള് (എൻഎസ്സികള്).
- സീനിയർ സിറ്റിസന് സേവിംഗ്സ് സ്കീമുകള് (എസ്സിഎസുകൾ).
- സ്റ്റാമ്പ് ഡ്യൂട്ടിയും രെജിസ്ട്രേഷൻ ചാർജുകളും.
- ഇൻഫ്രാസ്ട്രെക്ചര് ബോണ്ടുകള്.
- പെൻഷന് ഫണ്ടുകള്.
- പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ് - അഞ്ച് വര്ഷം.

**ബോധവാനായിരിക്കുക**
മുകളിൽ കണ്ട സാമ്പത്തിക ഉൽപന്നങ്ങളുടെ പട്ടിക 2010/11 വർഷത്തേയ്ക്കുള്ളതാണ്. സമയാസമയങ്ങളിൽ പട്ടിക പുതുക്കുന്നതാണ്. നികുതിയിൽ നിന്നും കിഴിവ് നൽകുന്ന തുകയും വർഷാവർഷം അവലോകനത്തിന് വിധേയമാണ്.

2010 ലെ യൂണിയൻ ബജറ്റിൽ, വിഭാഗം 80സിസിഎഫ് നടപ്പിലാക്കി, അത് ഇൻഫ്രാസ്ട്രക്ചര് ബോണ്ടുകളില് ഒരു നിശ്ചിത പരിധിവരെ നികുതിയില് ഇളവുകള് അനുവദിക്കുന്നു. ഈ കിഴിവുകൾ വിഭാഗം 80സിയിൽ അനുവദിക്കപ്പെട്ടിട്ടുള്ളതിനെക്കാള് കൂടുതലാണ്.

## ഇ2ബി. വിഭാഗം 80ഡി

വിഭാഗം 80ഡി ഒരു വ്യക്തി അയാളുടെ ഭാര്യയ്ക്കും കുട്ടിയ്ക്കുമായി ഹെൽത് ഇൻഷുറൻസ് പ്രീമിയമായി അടയ്ക്കുന്ന തുകയില് നികുതിയിളവ് നൽകുന്നു. അധികം ഇളവ് രക്ഷിതാക്കൾക്കായുള്ള ഹെൽത് ഇൻഷുറൻസില് അനുവദിക്കുന്നു. മുതിർന്ന ആളുകൾക്ക് അനുവദിക്കുന്ന ഇളവ് മറ്റ് വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ളതിനെക്കാള് കൂടുതലായിരിക്കും.

നികുതിയിൽ നിന്നും കിഴിവ് നൽകുന്ന തുകയും വർഷാവർഷം അവലോകനത്തിന് വിധേയമാണ്.

## ഇ2സി. വിഭാഗം 80ഡിഡി

ഈ വിഭാഗത്തിൽ നികുതിയുടെ പരിധിയില് വരുന്ന വരുമാനം ഒരു നിശ്ചിത പരിധിവരെ വൈദ്യ ചികിത്സ/പരിശീലനം/വൈകല്യമുള്ളവർക്കുള്ള പുനരധിവാസം/വികലംഗന്റെ ആശ്രിതര് തുടങ്ങിയവർക്ക് ഇളവ് നൽകുന്നു. ചെലവുകൾ വൈകല്യം, അസുഃഖം (വിഭാഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതുപ്രകാരം) എന്നിവ വ്യക്തിയ്ക്കോ അയാളുടെ ആശ്രിതനായ ബന്ധുവിനോ സംഭവിക്കുകയാണെങ്കിൽ ചെലവുകൾ വഹിക്കാം. ഈ കിഴിവിന്റെ ആനുകൂല്യം നേടാന് അംഗീകൃതമായ തരത്തില് ഒരു സാക്ഷ്യപത്രം മെഡിക്കല് പ്രാക്റ്റീഷണര് നൽകുന്നു.

## ഇ2ഡി. വിഭാഗം 80ഇ

വിഭാഗം 80ഇയുടെ കീഴിൽ വിദ്യാഭ്യാസ ലോണില് അടയ്ക്കുന്ന തുകയ്ക്ക് പലിശനിരക്കിൽ ഇളവുനൽകുന്നു.

### ഇ2ഇ. വിഭാഗം 24(ബി)

വിഭാഗം 24(ബി) യുടെ കീഴിൽ ഹോം ലോണില് അടയ്ക്കുന്ന പലിശയ്ക്ക് ഒരു നിശ്ചിത ഇളവ് (പ്രത്യേക വ്യവസ്ഥകൾ പ്രകാരം) അനുവദിക്കുന്നു.

| ചോദ്യം 6.2 |
| --- |
| 1961 ലെ ഇൻകം ടാക്സ് നിയമത്തിലെ വിഭാഗം 80സിയുടെ കീഴിൽ ആദായ നികുതിയിൽ ഇളവ് ലഭിക്കുന്ന അഞ്ച് സാമ്പത്തിക ഉൽപന്നങ്ങള് പട്ടികപ്പെടുത്തുക. |

## ഇ3. നാണയപ്പെരുപ്പ പ്രയോഗങ്ങൾ

അദ്ധ്യായം 5 ല് നമ്മള് ഇൻഷുറൻസ് പരിരക്ഷയില് നാണയപ്പെരുപ്പം ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് പഠിച്ചു. നിക്ഷേപകന്റെ സാമ്പത്തിക പദ്ധതിയിടൽ കണക്കിലെടുക്കുമ്പോള് നിക്ഷേപകന് നാണയപ്പെരുപ്പത്തിന്റെ കാര്യവും വിലക്കയറ്റത്തിന്റെ കാര്യവും പരിഗണിക്കേണ്ടതുണ്ട്. നാണയപ്പെരുപ്പം 5% ആയിരിക്കുമ്പോള് നിങ്ങള് ബാങ്ക് നിക്ഷേപം വഴി സമ്പാദിക്കുന്നത് 8% ആണ്, അങ്ങനെയെങ്കിൽ നിങ്ങളുടെ സമ്പാദ്യം നാണയപ്പെരുപ്പം കഴിഞ്ഞ് 3% ആണ്.

തീർച്ചയായും, യഥാർത്ഥ സാഹചര്യത്തില് ഇത്തരത്തില് അത്ര അനായാസമല്ല. നാണയപ്പെരുപ്പം പ്രവചിച്ച നിരക്കിലായിക്കൊള്ളണമെന്നില്ല. അത് ചിലപ്പോൾ കൂടുകയോ കുറയുകയോ ചെയ്യാം. എല്ലായ്പ്പോഴും ഉയർന്ന നിരക്കിലുള്ള ഒരു നാണയപ്പെരുപ്പ നിരക്ക് പ്രതീക്ഷിക്കുകയാണ് എല്ലായ്പ്പോഴും ഉചിതം, മാത്രമല്ല ഒരു പ്രവചനം നടത്തുന്നതിനു മുമ്പ് കഴിഞ്ഞ അഞ്ച് മുതൽ പത്ത് വര്ഷം വരെയുള്ള ഭാവി കണക്കുകൂട്ടുകയും വേണം. നിക്ഷേപങ്ങളിലുള്ള വരുമാനം നികുതിയ്ക്ക് കീഴിൽ വരുന്നതാകാം. നാണയപ്പെരുപ്പവും നികുതിയീടാക്കലും ഒരുമിച്ച് യഥാർത്ഥ വരുമാനത്തെ അടിച്ചമർത്തുകയും പ്രതീക്ഷിച്ചതിനെക്കാള് വരുമാനം തീരെ കുറഞ്ഞുപോവുകയും ചെയ്തേക്കാം.

അതിന്റെ ഫലമായി, ഒരു നിക്ഷേപകൻ ഭാവിയില് നാണയപ്പെരുപ്പത്തിനും നികുതിയീടാക്കലിനും ശേഷം മതിയായ വരുമാനമുണ്ടായിരിക്കും എന്ന കാര്യം ഉറപ്പുവരുത്തേണ്ടതുണ്ട്.

# എഫ്. സേവിംസ് ഉൽപന്നങ്ങളില് പലിശ നിരക്കുകളുടെ പ്രയോഗം

ശതമാന നിരക്കുകളിലുള്ള വ്യതിയാനങ്ങൾ നിക്ഷേപിച്ച ഉൽപന്നങ്ങളെ ബാധിക്കാനും, അതുവഴി ഒരു നിക്ഷേപകന്റെ നിക്ഷേപ തീരുമാനങ്ങളെ ഗുരുതരമായി ബാധിക്കാനും സാദ്ധ്യതയുണ്ട്.

ഈ വിഭാഗത്തിൽ പലിശ നിരക്കുകളില് സംഭവിക്കുന്ന മാറ്റങ്ങള് എന്തിനെയെല്ലാം ബാധിക്കുന്നു എന്ന് പരിശോധിക്കും.

## എഫ്1. പലിശ നിരക്കുകളിലുള്ള വർദ്ധനവ്

പലിശ നിരക്കുകൾ വർദ്ധിക്കുന്ന സാഹചര്യമാണെങ്കിൽ, നിക്ഷേപങ്ങളിലും ലോണുകളിന്മേലുമുള്ള പലിശ നിരക്കുകള് ഉയരും. ഇക്കാര്യം തീരുമാനിക്കുന്നത് രാജ്യത്തെ കേന്ദ്ര ബാങ്കാണ് (**റിസർവ് ബാങ്ക് ഓഫ് ഇന്ത്യ**). ഇത് രാജ്യത്തിന്റെ സാമ്പത്തിക രംഗത്തെ നിക്ഷേപത്തിന് പ്രേരിപ്പിക്കുവാനും അനാവശ്യമായ ചെലവുകൾ നടത്തുന്നതിന് ആളുകളെ നിരുത്സാഹപ്പെടുത്താനുമാണ്, അതുവഴി കടത്തിനുള്ള ആവശ്യം കുറയ്ക്കുന്നു. പലിശ നിരക്ക് വർദ്ധിക്കുന്നതിന്റെ അനന്തരഫലങ്ങള് ചുവടെ:

• ബാങ്കുകളിൽ നിന്ന് വിൽക്കുന്ന ഉൽപന്നങ്ങളുടെ ആവശ്യം കുറയുകയും ചെലവ് വർദ്ധിക്കുന്നതിനാല് പിന്നീട് വാങ്ങാമെന്ന് വ്യക്തികള് തീരുമാനിക്കുകയും ചെയ്യും.
• മറുവശത്ത്, ബാങ്ക് നിക്ഷേപങ്ങളിൽ അധിക പലിശ ലഭിക്കുന്നത് ആളുകളെ അതിലേയ്ക്ക് ആകർഷിക്കുകയും സേവിംഗ്സ് അതിന്റെ ഫലമായി വർദ്ധിക്കുകയും ചെയ്യും.ഉയർന്ന നിരക്കുകളിലുള്ള ബോണ്ടുകള് വാങ്ങുന്നതിലും നിരക്ക് വർദ്ധന ഉണ്ടാകും.
• എന്നിരുന്നാലും, അധികം പലിശ നിരക്ക് എന്ന സാഹചര്യം സ്റ്റോക്ക് മാർക്കറ്റുകൾക്ക് നല്ലതല്ല. കമ്പനികൾക്ക് വാങ്ങല് വിലകൂടിയതാവുകയും അത് ഉയർന്ന പലിശ നിരക്കുകൾക്ക് ഇടയാക്കുകയും ചെയ്യും. ഇത് കമ്പനികളുടെ ലാഭത്തെ സമ്മർദ്ദത്തിലാക്കുകയും താഴ്ന്ന നിരക്കിന് ഓഹരികൾ വിറ്റഴിക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്യും.

## എഫ്2. പലിശ നിരക്കുകളിലുണ്ടാകുന്ന കുറവ്

പലിശ നിരക്ക് കുറയുന്ന സാഹചര്യമാണ് ഉണ്ടാകുന്നതെങ്കിൽ, വാങ്ങൽ കൂടുതൽ ചെലവുകുറഞ്ഞതാവുകയും കമ്പനികള് അധിക നിക്ഷേപം നടത്തുകയും ചെയ്യും. ഇത് സാമ്പത്തിക രംഗത്തെ ഉണർത്താന് ചെയ്യുന്നതാണ്, കാരണം ഇത് നിക്ഷേപം കൂട്ടുകയും വസ്തുക്കളുടെയും സേവനങ്ങളുടെയും ആവശ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പലിശ നിരക്കിലുണ്ടാകുന്ന കുറവ് താഴെപ്പറയുന്ന കാര്യങ്ങൾക്കിടയാക്കും:

• താഴ്ന്ന പലിശ നിരക്ക് വസ്തുക്കളുടെ ആവശ്യം വർദ്ധിപ്പിക്കും.നിക്ഷേപകർ സാമ്പത്തിക ആസ്തികള് വാങ്ങുന്നതിന് ലോണുകളെടുക്കുകയും അത് അധിക ഉപഭോഗത്തിന് കാരണമാക്കുകയും ചെയ്യും.
• മറ്റ് സാമ്പത്തിക ഉൽപന്നങ്ങളിലുള്ള നിക്ഷേപം (ഇക്വിറ്റികൾ കൂടാതെ റിയൽ എസ്റ്റേറ്റ് എന്നിവ) ബാങ്ക് നിക്ഷേപങ്ങളിലുള്ള പലിശ കുറവായതിനാൽ പ്രോത്സാഹിപ്പിക്കപ്പെടുന്നു.
• ഉയർന്ന പലിശ നിരക്ക് ലഭിക്കത്തക്ക തരത്തില് നിക്ഷേപങ്ങള് ലോക്കിൻ ചെയ്തിട്ടുള്ളവർക്ക് പലിശ നിരക്ക് ഇടിയുമ്പോള് മികച്ച ആനുകൂല്യം ലഭിക്കുന്നു.

**ചോദ്യം 6.3**

സേവിംഗ്സ് ഉൽപന്നങ്ങളില് പലിശ നിരക്ക് താഴുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഫലങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.


## ജി. നിക്ഷേപ ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തില് തിരിക്കല്

ഒരോ വ്യക്തിയുടെയും നിക്ഷേപ ആവശ്യങ്ങള് വ്യത്യസ്തമാണ്. അതുകൊണ്ട് നിക്ഷേപ ആവശ്യങ്ങളെ എന്തിന്റെയെങ്കിലും അടിസ്ഥാനത്തില് നിലവാരപ്പെടുത്തുക ബുദ്ധിമുട്ടുള്ള കാര്യമാണ്. ലൈഫ് ഇൻഷുറൻസ് ഏജന്റ് ഒരു വ്യക്തിയുടെ മുൻഗണനാടിസ്ഥാനത്തിലുള്ള നിക്ഷേപാവശ്യങ്ങള് തിരിച്ചറിയാൻ സഹായിക്കുന്നു.

ഈ അദ്ധ്യായത്തിന്റെ അവസാന വിഭാഗത്തില് നിക്ഷേപ ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തില് തിരിക്കുന്നതിന്റെ അടിസ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്യും.

സാധാരണ നിക്ഷേപ ആവശ്യങ്ങളെ പട്ടികപ്പെടുത്തി, എങ്ങനെ, വിശാലമായി അവയെ മുൻഗണനാടിസ്ഥാനത്തില് തിരിക്കാമെന്ന കാര്യത്തില് നിന്ന് നമുക്ക് ആരംഭിക്കാം:

**ചിത്രം6.2**




## ജി1. കണ്ടിഞ്ചൻസി/അത്യാവശ്യ ഫണ്ട്

ഒരു വ്യക്തിയുടെ ഏറ്റവും വലിയ അത്യാവശ്യങ്ങളിലൊന്ന് അത്യാവശ്യ ഫണ്ടിന്റെ അനായാസമായ ലഭ്യതയാണ്. ഈ ഫണ്ടുകൾ വളരെയധികം കാര്യങ്ങൾക്ക് ആവശ്യമായി വന്നേക്കാം, ഉദാഹരണത്തിന് കുടുംബത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന അസുഃഖം, താൽക്കാലികമായി ജോലി നഷ്ടപ്പെടൽ, അത്യാവശ്യ യാത്രകൾ, കുട്ടികളുടെ ട്യൂഷൻ ഫീസ് തുടങ്ങി എന്തുമാകാം. ഫണ്ടിലുള്ള തുക ഏകദേശം മൂന്നു മാസം മുതൽ ആറു മാസം വരെയുള്ള ചെലവുകൾ വഹിക്കാന് പ്രാപ്തമായിരിക്കണം.

വ്യക്തികൾ അനായാസം ലഭിക്കത്തക്ക വിധത്തിലുള്ള നിക്ഷേപങ്ങള് തെരഞ്ഞെടുക്കണം (അധികം മൂല്യ നഷ്ടമില്ലാതെ പണമാക്കി മാറ്റാവുന്നവ). ഈ കാര്യത്തിൽ ബാങ്ക് നിക്ഷേപങ്ങളും ഡെബ്റ്റ് മ്യൂചാല് ഫണ്ടുകളുമാണ് ഉചിതം.

## ജി2. ഇൻഷുറൻസ്

ഇൻഷുറൻസ് ഒരു വ്യക്തിയ്ക്കും അയാളുടെ കുടുംബത്തിനും അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങളിൽ നിന്ന് സംരക്ഷണം ലഭിക്കുന്നു. ഓരോരുത്തർക്കും ഇൻഷുറൻസ് വ്യത്യസ്തമായിരിക്കണം എന്നതിനാൽ തന്നെ വളരെയേറെ തരം ഇൻഷുറൻസുകള് ലഭ്യമാണ്. വ്യക്തികൾ ഇൻഷുറൻസ് ആവശ്യപ്പെടുന്ന ചില ഘട്ടങ്ങള് ചുവടെ:

• കുടുംബത്തിന്റെ വരുമാനദാതാവ് അകാലമരണമടഞ്ഞാല് കുടുംബത്തിന് അത്യാവശ്യം ഫണ്ടുകള് ഉണ്ടായിരിക്കണം.ഈ ആവശ്യമായിരിക്കണം ഒരു വ്യക്തിയ്ക്ക് ഏറ്റവും മുൻഗണനയുള്ളത്. ടേം ഇൻഷുറൻസ് ഈ ആവശ്യത്തെ അഭിസംബോധന ചെയ്യുന്നതാണ്. ഒരു വ്യക്തിയ്ക്ക് ടേം ഇൻഷുറൻസ് പ്ലാനുണ്ടെങ്കില് ശേഷം മറ്റ് നിക്ഷേപ ഉൽപന്നങ്ങളായ എന്റോവ്മെന്റ് പ്ലാനുകള്, മൊത്തം ലൈഫ് പ്ലാനുകൾ, മണി ബാക്ക് പ്ലാനുകൾ അല്ലെങ്കില് യൂലിപ്പുകള് എന്നിവ അവരുടെ ആവശ്യ നിർവ്വഹണത്തിനായി വാങ്ങാവുന്നതാണ്.
• മതിയായ ഹെൽത് ഇൻഷുറൻസ് കുടുംബത്തിനൊന്നാകെ അടിയന്തര വൈദ്യ ആവശ്യങ്ങൾക്കായി വാങ്ങേണ്ടതാണ്.വലിയ ആശുപത്രി പ്രവേശനം കൂടാതെ ചികിത്സാ ചെലവുകള് എന്നിവ വ്യക്തിയുടെ പോക്കറ്റിൽ നിന്നെടുത്ത് കൊടുക്കുന്നതിന് ഒരറുതി വരുത്താം. അതിനാൽ തന്നെ ഈ ആവശ്യം പ്രധാനപ്പെട്ടതാണ്. ഒരു ഫാമിലി ഫ്ലോട്ടര് ഹെൽത് ഇൻഷുറൻസ് പ്ലാന് ഈ ആവശ്യത്തിന് പരിഹാരം കാണാൻ സാധിക്കും.
• കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനും മതിയായ ഫണ്ട് നൽകേണ്ടുന്ന ആവശ്യം.ഒരു ചൈൽഡ് ഇൻഷുറൻസ് പ്ലാനിന് ഈ പ്രശനത്തിന് പരിഹാരം കാണാൻ സാധിക്കും. ഒരു വ്യക്തിയ്ക്ക് ഈ ആവശ്യം മുൻഗണനാടിസ്ഥാനത്തില് തിരിക്കാനും അവർക്കും കുടുംബത്തിനും മതിയായ ഹെൽത് ഇൻഷുറൻസ് ലഭ്യമാക്കാനും സാധിക്കും. ചൈൽഡ് ഇൻഷുറൻസ് പ്ലാനുകള് രണ്ട് തരമായാണ് വരിക. അപകടസാദ്ധ്യത ഏറ്റെടുക്കാൻ താൽപര്യമില്ലാത്തവർക്ക് ചൈൽഡ് എന്റോവ്മെന്റ് പ്ലാനുകള് തെരഞ്ഞെടുക്കാം, അതേസമയം അപകടസാദ്ധ്യത ഏറ്റെടുക്കാൻ തയ്യാറുള്ളവർക്ക് ചൈൽഡ് യൂലിപ്പുകളോ അല്ലെങ്കില് പണം ഇക്വിറ്റി ഫണ്ടില് നിക്ഷേപിക്കുകയോ ചെയ്യാം.
• വിരമിച്ചതിനുശേഷം സ്ഥിരവരുമാനമോ ആന്യുറ്റിയോ ഉണ്ടായിരിക്കേണ്ട ആവശ്യം. ഈ ആവശ്യം നിർവഹിക്കാന് ഇൻഷുറൻസ് കമ്പനികള് വിരമിക്കല് പദ്ധതികള് ലഭ്യമാക്കുന്നുണ്ട്. ഒരു

വ്യക്തിയ്ക്കൊരു ലംപ് സം തുക നിക്ഷേപിക്കാം, അല്ലെങ്കിൽ അവരുടെ ജോലി ചെയ്യുന്ന കാലത്ത് വിരമിക്കൽ പദ്ധതിയിലേയ്ക്ക് സ്ഥിരമായ സംഭാവനകൾ നൽകാം. ഈ തുക പോളിസി ഉടമയുടെ പേരിൽ ഇൻഷുറൻസ് കമ്പനി നിക്ഷേപിക്കുന്ന തുകയാണ്. ആദ്യം വിരമിക്കല് ആവശ്യത്തിനായുള്ള ഫണ്ടിലേയ്ക്ക് വ്യക്തിയ്ക്ക് ചെറിയ സംഭാവനകള് നൽകിത്തുടങ്ങുകയും, അതേ സമയം മറ്റ് മുൻഗണനാ പരിരക്ഷകളില് നിക്ഷേപിക്കുകയും പിന്നീട് അത് ക്രമാനുഗതമായി വർദ്ധിപ്പിക്കുകയും ചെയ്യാം. ഈ ആർജ്ജിത ഫണ്ടുകള് (വിരമിക്കൽ ഫണ്ടുകൾ) പിന്നീടൊരു ആന്വിറ്റി പ്ലാന് വാങ്ങാനാണ് ഉപയോഗിക്കുന്നത്. നമ്മൾ അദ്ധ്യായം 5 ല് കണ്ടതുപോലെ ഒരു ആന്വിറ്റി പ്ലാനില് ഇൻഷുറൻസ് കമ്പനി ആന്വിറ്റന്റിന് വിരമിച്ചതിനുശേഷം സ്ഥിരമായ പേയ്മെന്റുകള് സമയാസമയങ്ങളിൽ മുൻനിശ്ചയിച്ച വ്യവസ്ഥകള് പ്രകാരം നൽകുന്നു. അടുത്ത അദ്ധ്യായത്തിൽ നമ്മള് ആന്വിറ്റികളെക്കുറിച്ച് കൂടുതല് വിശദമായി പഠിക്കും.

## ജി3. ആസ്തികൾ

അവരുടെ ജീവിതകാലത്ത്, വ്യക്തികൾ വ്യത്യസ്ത ആസ്തികള് വാങ്ങേണ്ടതായിട്ടുണ്ട്; എന്നിരുന്നാലും ചില വ്യക്തികൾക്ക് ലംപ് സം പേയ്മെന്റുകള് നടത്താനുള്ള തുക ഇല്ലാത്തവരായിരിക്കും. പ്രസ്തുത ആവശ്യ നിർവ്വഹണത്തിന് വിപണിയില് ഒരുപാട് ഉൽപന്നങ്ങള് ലഭ്യമാണ്. ഇവ ഈ ആസ്തികൾ വാങ്ങുന്നതിന് സഹായിക്കും:

- വീട് അല്ലെങ്കിൽ സ്വത്തുക്കള് വാങ്ങല്.
- ഒരു കാറോ ഇരുചക്രവാഹനമോ വാങ്ങുക.
- റെഫ്രിജറേറ്റർ, ടെലിവിഷൻ, ലാപ്ടോപ്പ് മുതലായ ഉപഭോഗവസ്തുക്കൾ വാങ്ങൽ.

ഒരുപാട് വ്യക്തികളുടെ പ്രധാനപ്പെട്ട മുൻഗണനയാണ് ഒരു വീട് വാങ്ങുക എന്നത്. പക്ഷെ ഇതിനുവേണ്ട ഭീമമായ നിക്ഷേപത്തെക്കുറിച്ച് ആലോചിക്കുമ്പോൾ വ്യക്തികൾക്ക് ഇതിനായുള്ള ഒരുപാട് പദ്ധതിയിടലുകള് ആവശ്യമുണ്ട്. വ്യക്തി ആദ്യം ഫണ്ട് ആർജ്ജിക്കുകയും മാർജിന് പണം പേ ചെയ്യുകയും ബാക്കി ഹോം ലോണിലൂടെ തരപ്പെടുത്തുകയും ചെയ്യുക. ഹോം ലോണിലുള്ള ഇഎംഐ അടയ്ക്കലുകൾ കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം വിരമിക്കൽ പ്ലാന് തുടങ്ങിയവയ്ക്കുള്ള നിക്ഷേപങ്ങൾക്ക് നഷ്ടം വരാതെ നോക്കണം. ഇഎംഐകൾക്കായി നീക്കിവെച്ചതും മറ്റ്

ആവശ്യങ്ങൾക്കായി നീക്കിവെച്ച പണത്തിനും തമ്മില് നല്ല സന്തുലനം ആവശ്യമാണ്. ഇഎംഐകൾ മാസ വരുമാനത്തിന്റെ 40%ൽ കവിയാന് പാടില്ല.

**ബോധവാനായിരിക്കുക**
ബാങ്ക് ശരിയായ ടിവൈ ലോണായി അനുവദിക്കുകയില്ല. 75% അല്ലെങ്കില് 80% ആണ് ബാങ്ക് വാഗ്ദാനം ചെയ്യാറുള്ളത്. ബാക്കി തുക വ്യക്തി അടയ്ക്കേണ്ടതായി വരും. ഈ പണം ഡൌൺ പേയ്മെന്റ്, മാർജിന് മണി അല്ലെങ്കിൽ ഉടമസ്ഥന്റെ ഇക്വിറ്റി എന്നറിയപ്പെടുന്നു.

ഒരു കാറോ അല്ലെങ്കിൽ ഇരുചക്ര വാഹനമോ വാങ്ങാനുള്ള ആവശ്യം പട്ടികയിൽ കുറേ താഴെയാക്കാം. ഒരു വ്യക്തിയ്ക്ക് ഇത് മറ്റ് ഉയർന്ന മുൻഗണനാ ആവശ്യങ്ങൾക്കു ശേഷം പരിഗണിക്കാം. ഉപഭോഗ വസ്തുക്കൾ സ്ഥിരം മാസവരുമാനത്തിൽ നിന്ന് അല്ലെങ്കിൽ പേഴ്സണൽ, ക്രെഡിറ്റ് കാർഡ് എന്നിവയിലൂടെ വാങ്ങാവുന്നതാണ്.

## ജി4. വിരമിക്കൽ

അടുത്ത മുൻഗണനാ ആവശ്യം ഭാവിയ്ക്കായി മതിയായ ഫണ്ടുകള് സൂക്ഷിച്ചുവെയ്ക്കുകയാണ്. വിരമിച്ചുകഴിയുമ്പോൾ ആവശ്യമായ സ്ഥിരവരുമാനം ഉണ്ടാകുമെന്ന കാര്യം വ്യക്തി ഉറപ്പുവരുത്തണം. ഈ ആവശ്യം ഒരു വ്യക്തിയ്ക്ക് വിരമിക്കുന്നതിനു മുമ്പത്തെ ജീവിത നിലവാരം ശേഷവും നിലനിർത്തണോ വേണ്ടയോ എന്നതിന്റെ ആഗ്രഹപ്രകാരം കൂടിയാകണം. ഈ രണ്ട് ഘടകങ്ങളും സേവ് ചെയ്യേണ്ട തുകയെക്കുറിച്ചും തൃപ്തികരമായ ജീവിതമെങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നും തീരുമാനിക്കുന്നു. നമ്മൾ ഇതിനോടകം തന്നെ ജി2 വിഭാഗത്തിൽ ഭാഗികമായി വിരമിക്കൽ അല്ലെങ്കില് പെൻഷന് പ്ലാനില് വളരെ ചെറുപ്പത്തില് തന്നെ നിക്ഷേപിക്കേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് പരിശോധിക്കുകയുണ്ടായി. ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്ക് വിരമിക്കല് ആവശ്യങ്ങള് പ്രായോഗികമെങ്കിൽ ഭാഗികമായി ആനുകൂല്യങ്ങളായ ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് കൂടാതെ പെൻഷന് എന്നിവ വഴി പൂർത്തിയാക്കപ്പെടും. സ്വന്തമായി ജോലി ചെയ്യുന്ന ആളുകൾക്ക് ഇത്തരം തൊഴില് ആനുകൂല്യങ്ങളില്ലാത്തതുകൊണ്ട് സ്വന്തമായി ചുമതലകൾ നിർവഹിക്കേണ്ടിവരും.

ചുരുക്കത്തിൽ, ഒരു വ്യക്തിയ്ക്ക് അയാളുടെ വിരമിക്കൽ ആവശ്യങ്ങള് മ്യൂചൽ ഫണ്ടുകളില് ദീർഘകാല വിരമിക്കല് പദ്ധതികളില് നിക്ഷേപിച്ചുകൊണ്ട് തൊഴിൽ ആനുകൂല്യങ്ങളെ അവരുടെ സാഹചര്യങ്ങൾക്കനുസൃതമായി ഉപയോഗിക്കാന് സാധിക്കും.

**ബോധവാനായിരിക്കുക**

ഗ്രാറ്റുവിറ്റി എന്നാൽ കമ്പനി അതിന്റെ ജീവനക്കാരന് മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന അംഗീകാരമായി നൽകുന്നതാണ്.

ഗ്രാറ്റുവിറ്റിയ്ക്ക് യോഗ്യത നേടാൻ ജീവനക്കാരൻ അഞ്ച് വർഷം തുടർച്ചയായി സേവനം കാഴ്ചവെയ്ക്കണം. ഗ്രാറ്റുവിറ്റിതുക കണക്കാക്കുന്നത് ജീവനക്കാരന്റെ സേവന വർഷങ്ങളെ അടിസ്ഥാനമാക്കിയാണ്. ഗ്രാറ്റുവിറ്റിയിലേയ്ക്ക് തൊഴിൽദാതാവ് സംഭാവന നടത്തിക്കൊണ്ടിരിക്കുകയും അയാള് പിരിഞ്ഞുപോകുമ്പോൾ അല്ലെങ്കില് മരിക്കുമ്പോള് നൽകുകയും ചെയ്യുന്നു.

ഗ്രാറ്റുവിറ്റിയോഗ്യത, കണക്കുകൂട്ടൽ, പേയ്മെന്റ് കൂടാതെ അവയുടെ നികുതി പ്രയോഗങ്ങൾ എന്നിവ **1972 ലെ ഗ്രാറ്റുവിറ്റി പേയ്മെന്റ് നിയമപ്രകാരം** നിർവചിക്കപ്പെട്ടിരിക്കുന്നു.

## ജി5. നികുതി പദ്ധതിയിടൽ

വ്യക്തികളുടെ വ്യത്യസ്ത ആവശ്യങ്ങൾക്ക് ഇൻഷുറൻസില് സ്ഥാനം ആവശ്യമുണ്ടെന്ന കാര്യം നമ്മൾ കണ്ടു. അത് കുട്ടികളുടെ വിദ്യാഭ്യാസ, വിവാഹ ആവശ്യങ്ങളാകാം, വീട് അല്ലെങ്കിൽ വിരമിക്കല് ആവശ്യങ്ങൾക്കാക്കാം. വ്യക്തികൾ ഈ ഉൽപന്നങ്ങളില് നിക്ഷേപിക്കുന്നതിനുമുമ്പ് ഇൻകം ടാക്സ് നിയമത്തില് (ഈ അദ്ധ്യായത്തിന്റെ ഇ2 വിഭാഗത്തില് പറഞ്ഞിട്ടുള്ളതുപോലെ)പറഞ്ഞിട്ടുള്ളതുപോലെ ഏറ്റവുമധികം നികുതിയിളവുകൾ ലഭ്യമായ നിക്ഷേപങ്ങള് നടത്തുന്നുവെന്ന് ഉറപ്പുവരുത്തണം.

**ബോധവാനായിരിക്കുക**

ഒരു വ്യക്തിയുടെ നിക്ഷേപ പോർട്ട്ഫോളിയോ പരമാവധി നികുതി കാര്യക്ഷമമായിരിക്കണം, പക്ഷെ നികുതി ആനുകൂല്യങ്ങൾ അല്ലേങ്കില് വല്ല നിക്ഷേപ ഉൽപന്നങ്ങളും പ്രാഥമിക ആനുകൂല്യത്തില് കവിഞ്ഞ് അധിക ആനുകൂല്യങ്ങളുള്ളവയാണോ എന്ന് ഉറപ്പുവരുത്തണം.

അതിനാൽ, വാങ്ങൽ തീരുമാനം ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ നികുതി ആനുകൂല്യങ്ങളെ അടിസ്ഥാനമാകിയാവരുത്.

**കേസ് സ്റ്റഡി**

രാകേഷ് മോഹൻ ഒരു സോഫ്റ്റ്വെയര് എഞ്ചിനിയറും വിവാഹിതനും രണ്ട് വയസായ കുട്ടിയുടെ പിതാവുമാണ്. അയാളുടെ ഭാര്യ രാധ വീട്ടമ്മയാണ് എന്നതിനാൽ തന്നെ മോഹനാണ് കുടുംബത്തിന്റെ ഒരേയൊരു വരുമാനദാതാവ്. ജനുവരിയിൽ ഒരു ഇൻഷുറൻസ് ഏജന്റില് നിന്ന് മോഹൻ ഒരു യൂലിപ്പ് ഉൽപന്നം വാങ്ങി, അതിനു കാരണം നികുതിയടയ്ക്കേണ്ട വരുമാനം സംരക്ഷിക്കുകയായിരുന്നു. അയാൾ വർഷം തോറും 25,000 രൂപ യൂലിപ്പില് അടയ്ക്കുന്നു.

ഇതുകൂടാതെ അയാൾക്ക് മറ്റ് നിക്ഷേപങ്ങളൊന്നുമില്ല. കമ്പനിയിൽ നിന്ന് അയാൾക്ക് മികച്ച ബോണസ്സ് ലഭിക്കുകയും ആ പണം ഉപയോഗിക്കാന് മികച്ച സേവിംഗ്സ് ഉൽപന്നങ്ങള് അന്വേഷിക്കുകയും ചെയ്യുന്നു. അയാൾ ലൈഫ് ഇൻഷുറൻസ് ഏജന്റിനെ കാണുകയും ഏത് ഉൽപന്നങ്ങളില് നിക്ഷേപിക്കണമെന്ന് ഉപദേശം തേടുകയും ചെയ്യുന്നു. രാകേഷിന്റെ വരുമാനവും മറ്റ് നിക്ഷേപങ്ങളെയും കുറിച്ച് ചർച്ച ചെയ്തതിനുശേഷം ഏജന്റ് താഴെക്കാണുന്ന പട്ടിക തയ്യാറാക്കുന്നു:

- നികുതി ആനുകൂല്യങ്ങളാണ് ലക്ഷ്യമിടുന്നതെങ്കിലും ഒരു യൂലിപ്പ് ഉൽപന്നത്തില് നിക്ഷേപിക്കുന്നത് മികച്ചതായിരിക്കും. എന്നിരുന്നാലും യൂലിപ്പിൽ വാർഷികമായി നിക്ഷേപിക്കുന്ന തുക വളരെ കുറവാണ്, അതുകൊണ്ട് രാകേഷിന്റെ ഭാവി ആവശ്യങ്ങള് നിർവഹിക്കാന് അധികം തുക നിക്ഷേപിക്കേണ്ടതുണ്ട്.
- ബാങ്ക് നിക്ഷേപമായോ ഡെബ്റ്റ് ഫണ്ടായോ രാകേഷ് ഒരു അടിയന്തരാവശ്യ ഫണ്ട് ഉണ്ടാക്കണം. ഏജന്റ് നിർദ്ദേശിക്കുന്നത് ഇതിനായി 1,00,000 രൂപയാണ്.
- തന്റെ ഭാവി വരുമാനത്തെയും ബാദ്ധ്യതയെയും സംരക്ഷിക്കാന് രാകേഷ് ഒരു ഇൻഷുറൻസ് പരിരക്ഷ എടുക്കണം. തന്റെ കുടുംബത്തിനായി ഒരു ഫാമിലി ഹെൽത്ത് ഇൻഷുറൻസ് പ്ലാനും രാകേഷ് എടുക്കേണ്ടതുണ്ട്.
- ഭാവിയില് കുട്ടികളുടെ വിദ്യാസം, വിവാഹം കൂടാതെ മറ്റ് സാദ്ധ്യമായ ആവശ്യങ്ങൾക്കുമായി ചൈൽഡ് ഇൻഷുറൻസ് പ്ലാനില് നിക്ഷേപിക്കുന്ന കാര്യം രാകേഷ് പരിഗണിക്കണം.
- രാകേഷ് നിലവിൽ വാടകയ്ക്ക് ഒരു അപ്പാർട്ട്മെന്റിലാണ് നിലവില് താമസിക്കുന്നത്. അതിനാല് ഏജന്റ് നിർദ്ദേശിക്കുന്നത് സ്വന്തമായി ഒരു വീട് വാങ്ങുന്ന കാര്യം പരിഗണിക്കണമെന്നാണ്. ഇതു ചെയ്യാൻ

രാകേഷ് വീടിനായുള്ള മാർജിന് മണിയ്ക്കായി പണം സ്വരൂപിച്ചു തുടങ്ങണം. ബാക്കി തുക ലോൺ വഴി സംഘടിപ്പിക്കാം. ഒരു ഹോം ലോണിലൂടെ വീട് വാങ്ങുന്നത് അയാൾക്ക് സ്വന്തം വീട് വാങ്ങാമെന്ന് മാത്രമല്ല ഹോം ലോണിന്മേൽ ലഭ്യമായ നികുതി ആനുകൂല്യങ്ങളും ഉപയോഗപ്പെടുത്തുകയും ചെയ്യാം.

## ജി6. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല ആവശ്യങ്ങള് തമ്മിലുള്ളവ്യത്യാസം

ജി1 വിഭാഗത്തില് നമ്മള് കണ്ടതുപോലെ കക്ഷികൾക്ക് അടിയന്തര ഘട്ടങ്ങളിൽ ഫണ്ടുകള് ലഭ്യമാകണം, കൂടാതെ കക്ഷികളുടെ ആവശ്യങ്ങളെ ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല ആവശ്യങ്ങള് എന്ന് തരം തിരിച്ചിട്ടുമുണ്ട്, അത് ഫണ്ട് ആവശ്യമായ കാലഗണനയനുസരിച്ചാണ്. നിക്ഷേപിക്കാനുള്ള ഉൽപന്നങ്ങള് നമ്മള് ഇതിനോടകം ചർച്ച ചെയ്ത ഉൽപന്ന ശ്യംഖലയില് നിന്നുതന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

| | |
|---|---|
| **ഹ്രസ്വകാല ആവശ്യങ്ങൾ** | 1-5 വർഷത്തിനകം ഫണ്ട് ആവശ്യമായവ. അടിയന്തരാവസ്ഥകൾക്കുവേണ്ടി നീക്കിവെയ്ക്കുന്ന തുകകള് മുതലായവയെ ഇതിലുൾപ്പെടുത്താം. |
| **മദ്ധ്യകാല ആവശ്യങ്ങൾ** | 5-15 വർഷത്തിനകം ഫണ്ട് ആവശ്യമായവ. കുട്ടികളുടെ വിദ്യാഭ്യാസം വിവാഹം മുതലായവയ്ക്കുള്ള സേവിംഗ്സ്. |
| **ദീർഘകാല ആവശ്യങ്ങൾ** | 15 വർഷത്തിനുശേഷം ഫണ്ട് ആവശ്യമായവ. വിരമിക്കൽ ആവശ്യങ്ങൾ പോലുള്ളവയാണ് ഇതില് വരുക. |

**പ്രവർത്തനം**

നിങ്ങളുടെ കുടുംബത്തിന്റെ ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല ആവശ്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. പട്ടിക തയ്യാറായിക്കഴിഞ്ഞാൽ, അവയെ മുൻഗണനാ അടിസ്ഥാനത്തിൽ തിരിക്കുക. ഏറ്റവും അത്യന്താപേക്ഷിതമായ ആവശ്യങ്ങളെ പട്ടികയുടെ മുകളിൽ എഴുതേണ്ടതാണ്.

## സംഗ്രഹം

നിങ്ങൾക്കിപ്പോള് ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങളെക്കുറിച്ചും സേവിംഗ്സ് ഉൽപന്നങ്ങളെക്കുറിച്ചും അവയുടെ തിരിച്ചറിയലും മുൻഗണനാ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തലും, അവ എങ്ങനെയാണ് സാഹ്ചര്യങ്ങളിൽ പ്രയോജനപ്പെടുന്നത് എന്നും മനസ്സിലായിട്ടുണ്ടാകും.

പ്രൊഫഷണൽ സാമ്പത്തിക പദ്ധതിയിടല് പ്രക്രിയയില് എന്തെല്ലാമാണ് ഉൾക്കൊള്ളുന്നത് എന്ന് നമ്മള് പരിശോധിച്ചു തുടങ്ങുന്നതിനു മുമ്പ് അവ അദ്ധ്യായം 8, 9 എന്നിവയില് വിശദമായി പ്രതിപാദിച്ചിട്ടുണ്ട് എന്ന കാര്യം ഓർക്കുക, അടുത്ത അദ്ധ്യായത്തിൽ നിങ്ങള് മനസ്സിലാക്കിയിരിക്കേണ്ടതായ മറ്റ് സാമ്പത്തിക ഉൽപന്നങ്ങളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

| പ്രധാന കാര്യങ്ങൾ |
| --- |
| ഈ അദ്ധ്യായത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പ്രധാന ആശയങ്ങള് താഴെ പറയും പ്രകാരം സംഗ്രഹിച്ചിരിക്കുന്നു: |
| **സേവിംഗ്സ്/നിക്ഷേപ ഉപദേശത്തിന്റെ ആവശ്യം** |
| • പ്രൊഫഷണല് ഇൻഷുറൻസ് ഏജന്റുമാര് വ്യക്തികളെ സാമ്പത്തിക പദ്ധതിയിടല് പ്രക്രിയയിലൂടെ നയിക്കുക വഴി അവരുടെ വർത്തമാനകാല, ഭാവികാല ആവശ്യങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്നു. |
| • സാമ്പത്തിക പദ്ധതിയിടുന്നവർക്ക് വ്യക്തികളെ നിക്ഷേപ പോർട്ട്ഫോളിയോ നിർമ്മിക്കാനും അതുവഴി വരുമാനം ഏറ്റവും കുറഞ്ഞ അപകടസാദ്ധ്യതയിൽ നേടാനും സഹായിക്കുന്നു. വ്യക്തികളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക പദ്ധതിയിടുന്നവർക്ക് പദ്ധതികൾ തയ്യാറാക്കാനാകും. |
| **ഒരു വ്യക്തിയുടെ നിക്ഷേപ ആവശ്യങ്ങളെ നിശ്ചയിക്കുന്ന ഘടകങ്ങൾ** |
| • നിലവില് മൂലധനമില്ലാത്ത വ്യക്തികൾ സമഗ്രമായ സാമ്പത്തിക പദ്ധതിയിടല് പരിഗണിക്കണം. |
| • സാധാരണ നിക്ഷേപ ആവശ്യങ്ങൾ:<br>– ഒരു അനിശ്ചിതത്വ/അത്യാസന്ന ഫണ്ട് നിർമ്മിക്കാന്;<br>– കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പദ്ധതിയിടുകയും നിക്ഷേപിക്കുകയും ചെയാൻ;<br>– കുട്ടികളുടെ വിവാഹത്തിനായി പദ്ധതിയിടുകയും നിക്ഷേപിക്കുകയും ചെയാന്;<br>– വീട് വാങ്ങാൻ;<br>– കാർ, കുടുംബത്തോടൊപ്പമുള്ള വാർഷിക അവധികള് മുതലായവയ്ക്ക് പദ്ധതിയിടാന്; കൂടാതെ<br>– വിരമിക്കലിനാവശ്യമായ നിക്ഷേപ പദ്ധതി തയ്യാറാക്കാൻ. |
| • മൂലധനം ഉള്ള വ്യക്തികൾക്ക് സാധാരണയായി, നിലവിലുള്ള സമ്പത്ത് വർദ്ധിപ്പിക്കുകവഴി ഭാവി ആവശ്യങ്ങൾ പരമാവധി വർദ്ധിപ്പിക്കണം. ഇവ പുതിയ ബിസിനസ്സ് ആരംഭിക്കുന്നതിനുള്ള മൂലധനം, ലോക പര്യടനം നടത്തുക, ചാരിറ്റബിൾ കാര്യങ്ങൾക്കായി സംഭാവന നൽകുക എന്നിവയുൾപ്പെടാം. |
| **സേവിംഗ്സ് ഉൽപന്നങ്ങളുടെ പ്രത്യേകതകളും ഗുണങ്ങളും** |
| • ചില സേവിംഗ്സ് ഉൽപന്നങ്ങള് സ്ഥിരവരുമാനം നൽകുന്നു (ബാങ്ക് ഫിക്സഡ് ഡെപ്പോസിറ്റ് വഴിയുള്ള പലിശ), ചിലത് മൂലധന വർദ്ധനവ് നല്കുന്നു (സ്വർണ്ണം) കൂടാതെ മറ്റുചിലത് രണ്ടിന്റെയും ഒരു മിശ്രിതം നൽകുന്നു (ഇക്വിറ്റി ഓഹരികൾ). |
| • ചില ഉൽപന്നങ്ങള് ഗാരണ്ടീഡ് ആയ വരുമാനമുള്ളവയാണ്, ചിലത് വ്യത്യസ്ത വരുമാനങ്ങളുള്ളതും മറ്റു ചിലത് ഗാരണ്ടീഡായതും വ്യത്യസ്ത വരുമാനമുള്ളവയുടെയും ഒരു മിശ്രിതവുമായിരിക്കും. |
| • താഴ്ന്ന അപകടസാദ്ധ്യതയുള്ള ഉൽപന്നങ്ങള് അധിക അപകടസാദ്ധ്യതയുള്ള ഉൽപന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോള് കുറഞ്ഞ വരുമാനം തരുന്നവയായിരിക്കും. അതിനാൽ ഉൽപന്നങ്ങള് വ്യക്തിയുടെ സാഹചര്യങ്ങൾക്കും അപകടസാദ്ധ്യത നേരിടാനുള്ള താൽപര്യത്തെയും ആധാരമാക്കി ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കണം |
| **വ്യത്യസ്ത തരം സേവിംഗ്സ് ഉൽപന്നങ്ങള്** |
| • ഒരുപാട് ലൈഫ് ഇൻഷുറൻസ് ഉൽപന്നങ്ങള് പ്രാഥമികമായ ലൈഫ് പരിരക്ഷയോടൊപ്പം, |

| |
|---|
| ഒരു സേവിംഗ്സ് ഘടകത്തോടൊപ്പമാണ് വരുന്നത്.പ്രീമിയത്തിന്റെ സേവിംഗ്സ് ഘടകം എന്നത് പോളിസി ഉടമകളുടെ പേരിൽ ഇൻഷുറൻസ് കമ്പനി നിക്ഷേപിക്കുന്നതും ബോണസ്സിന്റെ രൂപത്തിൽ ലാഭവിഹിതം നൽകുന്നതുമാണ്. |
| • ബാങ്ക് നിക്ഷേപങ്ങള് ഏറ്റവും പഴയതും തെരഞ്ഞെടുക്കപ്പെടുന്നതുമായ നിക്ഷേപ ഉൽപന്നങ്ങളാണ്. അവർ ബാങ്ക് അക്കൌണ്ട് വഴി ഫിക്സഡ് നിക്ഷേപം നടത്തുകയും അത് ലംപ് സം തുകയ്ക്ക് ഇടയാക്കുകയും ചെയ്യുന്നു. |
| • മ്യൂച്വൽ ഫണ്ടുകള് അസറ്റ് മാനേജ്മെന്റ് കമ്പനികളാല് (എഎംസികൾ) നിയന്ത്രിതമാണ്. |
| • ഒരു മ്യൂച്വൽ ഫണ്ട് എന്നത് ഒരു പൊതു ലക്ഷ്യത്തിനായി ആളുകളെ ഒരുമിച്ച് കൊണ്ടുവരുന്നതിനെ ഉദ്ദേശിച്ചുള്ളവയാണ്. ഈ വ്യക്തികളിൽ നിന്ന് ശേഖരിച്ച പണം അവരുടെ പേരിൽ നിക്ഷേപിക്കുകയും വരുമാനത്തിന്റെ ഒരു ഓഹരി അവർക്ക് നൽകുകയും ചെയ്യുന്നു. |
| • ഇക്വിറ്റി ഓഹരികൾ കമ്പനിയുടെ ഉടമസ്ഥതയെ പ്രതിനിധീകരിക്കുന്നു. കമ്പനി അതിന്റെ വളർച്ചയ്ക്കായി എപ്പോള് പണം സ്വരൂപിക്കാന് തീരുമാനിച്ചാലും, ഒരു പുതിയ ഉൽപാദന യൂണിറ്റ് ആരംഭിച്ചാലോ, ഒരു പുതിയ കമ്പനി ഏറ്റെടുത്താലോ, പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചാലോ, പ്രവർത്തന മൂലധനത്തിനായോ (കമ്പനിയുടെ ഉടമസ്ഥാവകാശം) പൊതുജനത്തിനായി തുറന്നുകൊടുക്കും. |
| • സ്റ്റോക്ക് എക്സ്ചേഞ്ച് അംഗത്വമുള്ള സ്റ്റോക്ക് ബ്രോക്കർമാര് വഴിയാണ് വ്യക്തികൾക്ക് സ്റ്റോക്ക് എക്സ്ചേഞ്ചുകൾ വഴി വാങ്ങലും വിൽക്കലും സാധിക്കുന്നത്. ഇന്ത്യയിലുള്ള രണ്ട് പ്രധാന സ്റ്റോക്ക് എക്സ്ചേഞ്ചുകൾ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് (ബിഎസ്ഇ) കൂടാതെ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻഎസ്ഇ) എന്നിവയാണ്. |
| • ബോണ്ടുകൾ ഫിക്സഡ് ഡെപ്പോസിറ്റുകളോട് സാമ്യമുള്ളവയാണ്, കാരണം അവ പേയ്മെന്റുകളിലെ പലിശയായി വരുമാനം നൽകുന്നു. എന്നിരുന്നാലും, ബോണ്ടുകൾ വാങ്ങുന്നവരും വിൽക്കുന്നവർക്കുമിടയിലും കച്ചവടം നടത്താവുന്നതാണ്. ബാങ്കുകളല്ലാതെ സർക്കാർ, കമ്പനികൾ മറ്റ് സ്ഥാപനങ്ങള് എന്നിവയും പൊതുജനത്തില് നിന്ന് ധനശേഖരണാർത്ഥം ബോണ്ടുകള് പുറപ്പെടുവിക്കാറുണ്ട്. |
| • ഗോൾഡ് ഇടിഎഫ്കള് (എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ട്സ്) എന്നാൽ സാധാരണ ഷെയറുകള് പോലെത്തന്നെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇലക്ട്രോണിക് ഫോർമറ്റ് വഴി വ്യാപാരം ചെയ്യപ്പെടുന്ന മ്യൂച്വൽഫണ്ടുകള് പോലെത്തന്നെയാണ്. ഗോൾഡ് ഇടിഎഫ്കളുടെ ഒരു യൂണിറ്റ് ഒന്ന് അല്ലെങ്കിൽ അര ഗ്രാം സ്വർണ്ണത്തെ പ്രതിനിധീകരിക്കുന്നു. |
| **നിക്ഷേപ ഉൽപന്നങ്ങളിലെ നികുതി കൂടാതെ നാണയപ്പെരുപ്പ പ്രയോഗങ്ങള്** |
| • വ്യത്യസ്ത സേവിംഗ്സ് ഉൽപന്നങ്ങളില് നിക്ഷേപിക്കുക വഴി നിക്ഷേപകന് നിലവിലുള്ള ഇൻകം ടാക്സ് നിയപ്രകാരം നികുതി നിക്ഷേപകന് വിവിധ വിഭാഗങ്ങളിലുള്ള താഴെപ്പറയുന്ന നികുതി ഇളവുകൾ പ്രയോജനപ്പെടുത്താന് സാധിക്കും. |
| **സേവിംസ് ഉൽപന്നങ്ങളില് പലിശ നിരക്കുകളുടെ പ്രയോഗം** |
| • ബാങ്കുകളിൽ നിന്ന് വിൽക്കുന്ന ഉൽപന്നങ്ങളുടെ ആവശ്യം കുറയുകയും ചെലവ് വർദ്ധിക്കുന്നതിനാല് പിന്നീട് വാങ്ങാമെന്ന് വ്യക്തികള് തീരുമാനിക്കുകയും ചെയ്യും. |
| • ഇത് സാമ്പത്തിക രംഗത്തെ ഉണർത്താന് ചെയ്യുന്നതാണ്, കാരണം ഇത് നിക്ഷേപം കൂട്ടുകയും വസ്തുക്കളുടെയും സേവനങ്ങളുടെയും ആവശ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. |
| **നിക്ഷേപ ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തില് തിരിക്കല്** |
| • നിക്ഷേപ ആവശ്യങ്ങളെ വിശാലമായി മുൻഗണനാടിസ്ഥാനത്തില് തിരിച്ചിരിക്കുന്നു:<br>– കണ്ടിഞ്ചൻസി/അത്യാവശ്യ ഫണ്ട് ഉണ്ടായിരിക്കാൻ;<br>– ഇൻഷുറൻസിന്;<br>–വീട് കാറ് മുതലായ ആസ്തികൾ വാങ്ങാന്;<br>– വിരമിക്കലിന് നീക്കിവെയ്ക്കാൻ; കൂടാതെ<br>– നികുതി പദ്ധതിയിടലിന്. |
| •ആവശ്യങ്ങളെ ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല ആവശ്യങ്ങള് എന്ന് തരം തിരിക്കാം |

| ചോദ്യോത്തരങ്ങൾ |
| --- |
| 6.1 ഒരു മ്യൂച്ചൽ ഫണ്ട് എന്നത് ഒരു പൊതു ലക്ഷ്യത്തിനായി ആളുകളെ ഒരുമിച്ച് കൊണ്ടുവരുന്നതിനെ ഉദ്ദേശിച്ചുള്ളവയാണ്. ഈ വ്യക്തികളിൽ നിന്ന് ശേഖരിച്ച പണം അവരുടെ പേരിൽ നിക്ഷേപിക്കുകയും വരുമാനത്തിന്റെ ഒരു ഓഹരി അവർക്ക് നൽകുകയും ചെയ്യുന്നു. മ്യൂച്ചൽ ഫണ്ടുകള് അസറ്റ് മാനേജ്മെന്റ് കമ്പനികളാല് (എഎംസികൾ) നിയന്ത്രിതമാണ്. എഎംസികൾ പദ്ധതിയുടെ ഉദ്ദേശത്തിനനുസരിച്ച് പണം, ഇക്വിറ്റികൾ, ഡെബ്റ്റ് ഇൻസ്ട്രുമെന്റ്സ്, മണി മാർക്കറ്റ് മുതലായവയില് നിക്ഷേപിക്കുന്നു. എഎംസികൾ യോഗ്യതയും അനുഭവസമ്പത്തുള്ളതുമായ ഫണ്ട് മാനേജർമാരെയാണ് നിയോഗിക്കുക (പോർട്ട്ഫോളിയോ മാനേജർമാര് എന്നും അറിയപ്പെടും), അവരാണ് നിക്ഷേപകൻ തെരഞ്ഞെടുത്ത ഫണ്ട് (അല്ലെങ്കിൽ സ്കീം) തരത്തിനനുസരിച്ച് നിക്ഷേപിക്കുന്നതിന് ചുമതലയുള്ളവര്.<br><br>മ്യൂച്ചൽ ഫണ്ടുകളില് നിക്ഷേപിക്കുന്നതുകൊണ്ടുള്ള പ്രധാന പ്രയോജനം അപകടസാദ്ധ്യത പങ്കുവെയ്ക്കപ്പെടുന്നു എന്നതാണ്.<br>മ്യൂച്ചൽ ഫണ്ടുകള് രണ്ട് തരം വരുമാനം നൽകുന്നു:<br>• മ്യൂച്ചൽ ഫണ്ട് സ്കീമില് പ്രഖ്യാപിച്ചിട്ടുള്ളതുപോലെ സമയാസമയങ്ങളില് ഡിവിഡന്റുകളുടെ രൂപത്തിൽ; കൂടാതെ<br>•മ്യൂച്ചൽ ഫണ്ട് യൂണിറ്റുകള് വാങ്ങിയതിനെക്കാള് കൂടിയ വിലയ്ക്ക് വിറ്റുകൊണ്ട് നൽകുന്ന ക്യാപ്പിറ്റല് അപ്രീസിയേഷന്. |
| 6.2 താഴെപ്പറയുന്നവയിൽ ഏതെങ്കിലും അഞ്ച്:<br>• പരമ്പരാഗത ഉൽപന്നങ്ങളില് അടയ്ക്കുന്ന പ്രീമിയങ്ങൾക്ക്.<br>• പെൻഷന് പേയ്മെന്റുകള്.<br>• യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകള് (യൂലിപ്പുകൾ).<br>• ഹോം ലോണിന്റെ പ്രധാന തുക തിരിച്ചടയ്ക്കുന്നതിന്.<br>• എംപ്ലോയീ പ്രൊവിഡന്റ് ഫണ്ടുകളില് (എഫ്പിഎഫുകൾ).<br>• പബ്ലിക് പ്രൊവിഡന്റ് ഫണ്ടുകള് (പിപിഎഫുകൾ).<br>• നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകള് (എൻഎസ്സികള്).<br>• പഞ്ചവത്സര സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ.<br>• സീനിയർ സിറ്റിസന് സേവിംഗ്സ് സ്കീമുകള് (എസ് സി എസുകള്).<br>• ഇക്വിറ്റി ലിങ്ക്ഡ് സേവിംഗ് സ്കീമുകൾ (ഇഎൽഎസ്സുകള്). |
| 6.3 പലിശ നിരക്ക് കുറയുന്ന സാഹചര്യമാണ് ഉണ്ടാകുന്നതെങ്കിൽ, വാങ്ങൽ കൂടുതൽ ചെലവുകുറഞ്ഞതാവുകയും കമ്പനികള് അധിക നിക്ഷേപം നടത്തുകയും ചെയ്യും. ഇത് സാമ്പത്തിക രംഗത്തെ ഉണർത്താന് ചെയ്യുന്നതാണ്, കാരണം ഇത് നിക്ഷേപം കൂട്ടുകയും വസ്തുക്കളുടെയും സേവനങ്ങളുടെയും ആവശ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പലിശ നിരക്കിലുണ്ടാകുന്ന കുറവ് താഴെപ്പറയുന്ന കാര്യങ്ങൾക്കിടയാക്കും:<br><br>• താഴ്ന്ന പലിശ നിരക്ക് വസ്തുക്കളുടെ ആവശ്യം വർദ്ധിപ്പിക്കും. നിക്ഷേപകർ സാമ്പത്തിക ആസ്തികൾ വാങ്ങുന്നതിന് ലോണുകളെടുക്കുകയും അത് അധിക ഉപഭോഗത്തിന് കാരണമാക്കുകയും ചെയ്യും.<br>• മറ്റ് സാമ്പത്തിക ഉൽപന്നങ്ങളിലുള്ള നിക്ഷേപം (ഇക്വിറ്റികൾ കൂടാതെ റിയല് |

എസ്റ്റേറ്റ് എന്നിവ) ബാങ്ക് നിക്ഷേപങ്ങളിലുള്ള പലിശ കുറവായതിനാൽ പ്രോത്സാഹിപ്പിക്കപ്പെടുന്നു.
• ഉയർന്ന പലിശ നിരക്ക് ലഭിക്കത്തക്ക തരത്തില് നിക്ഷേപങ്ങള് ലോക്കിന് ചെയ്തിട്ടുള്ളവർക്ക് പലിശ നിരക്ക് ഇടിയുമ്പോള് മികച്ച ആനുകൂല്യം ലഭിക്കുന്നു.

| സ്വയം-പരീക്ഷാ ചോദ്യങ്ങൾ | |
|---|---|
| 1 | സ്വർണ്ണം വെള്ളി എന്നിവയില് നിക്ഷേപം നടത്താനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്? |
| 2 | ഹെൽത് ഇൻഷുറൻസ് പ്ലാനിലേയ്ക്ക് പ്രീമിയം അടയ്ക്കുന്നതില് ഇൻകം ടാക്സ് നിയമത്തിനുകീഴില് ഏതിനാണ് നികുതിയിളവ് ലഭിക്കുന്നത്?<br>എ) വിഭാഗം 80സി.<br>ബി) വിഭാഗം 80ഡി.<br>സി) വിഭാഗം 80ഇ.<br>ഡി) വിഭാഗം 80എഫ്. |
| 3 | താഴെക്കാണുന്ന ഏത് ബാങ്ക് നിക്ഷേപങ്ങളിലാണ് കാലാവധി പൂർത്തിയാകുമ്പോള് തുകയും പലിശയും ചേർത്ത് നൽകുന്നത്?<br>എ) സേവിംഗ്സ് നിക്ഷേപങ്ങൾ.<br>ബി) പരമ്പരാഗത നിക്ഷേപങ്ങൾ.<br>സി) ക്യുമിലേറ്റേവ് നിക്ഷേപങ്ങൾ.<br>ഡി) മുകളിൽ പറഞ്ഞ ഒന്നുമല്ല. |

**അടുത്ത പേജിൽ നിങ്ങൾക്ക് ഉത്തരങ്ങള് കണ്ടെത്താം**

| സ്വയം-പരീക്ഷാ ഉത്തരങ്ങൾ | |
|---|---|
| 1 | സ്വർണ്ണത്തിലും വെള്ളിയിലും നിക്ഷേപിക്കാനുള്ള കാരണങ്ങള് ചുവടെ:<br>• മികച്ച വരുമാനം;<br>• പോർട്ട്ഫോളിയോ ഡൈവേഴ്സിഫിക്കേഷന്;<br>• നാണയപ്പെരുപ്പത്തിനെതിരെയുള്ള പരിരക്ഷ; കൂടാതെ<br>• അനിശ്ചിതത്വങ്ങൾക്കെതിരെയുള്ള ഇൻഷുറൻസ്. |
| 2 | ബി) വിഭാഗം 80ഡി.<br>ഈ വിഭാഗത്തിൽ ഒരു വ്യക്തി അയാൾക്കും, ഭാര്യയ്ക്കും കുട്ടികൾക്കുമുള്ള വൈദ്യ ചെലവിനുള്ള പ്രീമിയം അടയ്ക്കുന്നു, ഭാര്യയും കുട്ടികളും നികുതിയിൽ ഇളവ് നൽകപ്പെട്ടിട്ടുള്ളവരാണ്. |
| 3 | സി) ക്യുമുലേറ്റീവ് നിക്ഷേപങ്ങള്. |